
# നിറവ്




## ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ

**എസ് സി ഹയർ സെക്കൻഡറി സ്കൂൾ,റാന്നി**

SYRIAN CHRISTIAN HIGHER SECONDARY SCHOOL RANNY



# നിറവ്

**നൂറിന്റെ നിറവിലേക്ക് ഒരു പ്രയാണം**

## എഡിറ്റോറിയൽ ബോർഡ്

ശ്രീ.ജേക്കബ് ബേബി(ഹെഡ്മാസ്റ്റർ)

ശ്രീമതി.അനി മാത്യു(സീനിയർ അസിസ്റ്റന്റ്)

ശ്രീമതി.എലിസബേത്ത് ജോൺ(ഐ ടി കോ ഓർഡിനേറ്റർ)

ശ്രീമതി.ആൻസി വർഗീസ്(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)

ശ്രീമതി.മോൾസി തോമസ്(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)

ശ്രീമതി.ലിജി കെ ഏബ്രഹാം(കൺവീനർ വിദ്യാരംഗം കലാ സാഹിത്യ വേദി)

കുമാരി.റിയ അന്ന വിനോദ്(മാഗസ്സിൻ എഡിറ്റർ)

കുമാരി.സ്വപ്ന മറിയം ജോർജ്

കുമാരി.ശിവപ്രിയ ബിജു

കുമാരി.ശ്രുതി എസ്

മാസ്റ്റർ.സെനിത്ത് പൗളിൻ

മാസ്റ്റർ.നിരഞ്ജൻ പ്രഹ്ളാദ്

മാസ്റ്റർ.ശ്രീ കിരൺ എ

കവർ പേജ്

കുമാരി.എൽന ആൻ തോമസ്

# എഡിറ്റോറിയൽ

സർഗ്ഗാത്മകവും പുരോഗനാത്മകവുമായ ഒരു കുട്ടിക്കൂട്ടത്തെ സാങ്കേതികവിദ്യയുടെ അനന്ത ലോകത്തേക്ക് കൈപിടിച്ചുയർത്താനുള്ള ലക്ഷ്യത്തെ ഫലപ്രാപ്തിയിൽ എത്തിക്കാനുള്ള ശ്രമമാണ് വിദ്യാഭ്യാസവകുപ്പ് ലിറ്റിൽ കൈറ്റ്സിലൂടെ ലക്ഷ്യമിടുന്നത്.പഠിച്ചും പഠിപ്പിച്ചും പുതുവഴികൾ തേടിയും കുട്ടിക്കൂട്ടം മുന്നോട്ടുനീങ്ങുന്നു.വാക്കുകൾക്ക് ജീവൻ പകരാൻ ശ്രമിക്കുന്ന ഈ എളിയ സംരഭത്തിൽ സഹകരിച്ച എല്ലാവർക്കും നന്ദി

-എഡിറ്റർ

# പ്രിൻസിപ്പാളിന്റെ സന്ദേശം



**Principal**

Leena Anie  Abraham

സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിന്റെ 2019-20 വാർഷിക പ്രവർത്തനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന ' നിറവ് ' എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.ഇതിന്റെ ഭാഗമായി സ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ശ്രമം അഭിനന്ദനാർഹമാണ്.തുടർന്നും ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളികളായി സ്കൂളിന്റെ യശസ്സ് ഉയർത്താൻ കുട്ടികൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

## ഹെഡ്മാസ്റ്ററുടെ സന്ദേശം



ഇത് കമ്പ്യൂട്ടറുകളുടെ കാലം.വിവരസാങ്കേതിക വിപ്ലവത്തിന്റെ ജൈത്രയാത്ര വർദ്ധിച്ചുവരുന്നകമ്പ്യൂട്ടർവൽകരണത്തിന് വിധേയമായി മലയാളം ഉൾപ്പെടെയുള്ള പ്രാദേശിക ഭാഷകൾഅന്യം നിന്ന് പോകലിന്റെ ഭീഷണി കേട്ട് ുടങ്ങിയിരിക്കുന്നു.അതിന്റെവൈകാരികതയെ ഉൾക്കൊണ്ടുതന്നെ മാതൃഭാഷയെ സ്നേഹിക്കുവാനും വളർത്തുവാനും പുതിയ ടെക്നോളജിയുടെ വെല്ലുവിളികളെ ഏറ്റെടുത്തുകൊണ്ട് റാന്നി എസ് സി ഹയർ സെക്കണ്ടറി സ്കൂളിന്റെ ലിറ്റിൽ കൈറ്റ്സും വിദ്യാരംഗം കലാ സാഹിത്യ വേദിയും ചേർന്ന് ഒരുക്കുന്ന നിറവ് എന്ന ഈ മാസിക സ്കൂളിന് ഒരു മുതൽക്കൂട്ടാണ് ഈ വിദ്യാലയം ഇന്ന് ശതാബ്ദിയുടെ പൂർണ്ണനിറവിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു.ഈ അവസരത്തിൽ ഈ സംരഭത്തിന്റെ പിന്നിൽ പ്രവർത്തിച്ച ഏവരെയും പ്രത്യേകം അനുമോദിക്കുകയും വരും തലമുറയ്ക്ക് ഇത് ഒരു പ്രചോദനമാവുകയും ചെയ്യട്ടെ എന്നും ആശംസിക്കുന്നു

ജേക്കബ് ബേബി

ഹെഡ്മാസ്റ്റർ

# സമർപ്പണം

**നൂറാം വർഷത്തിൽ എത്തിനിൽക്കുന്ന ഈ സ്കൂളിന്റെ**

**അഭ്യുദയകാംക്ഷികളായി പ്രവർത്തിച്ച പ്രിയപ്പെട്ടവർക്ക്...**




*നിറവ്*

***SCHSS RANNY***

**ഉള്ളടക്കം**


റാന്നി എസ് സി ഹയർ സെക്കൻഡറി സ്കൂളിന്റെ ചരിത്രം........17
തത്തമ്മ........63
-പ്രബന്ധം-........65
സ്വാതന്ത്ര്യത്തിൻ കണ്ണീർപ്പുലരി........71
പഴയകാലത്ത് നായാട്ടുകാർ ജീവികളെ വിളിച്ചിരുന്ന ഇരട്ടപേരുകൾ അല്ലെങ്കിൽ വിളിപ്പേരുകൾ........73
ചിലങ്ക........79
ഒരു ബുദ്ധിപരീക്ഷണ ചോദ്യം........81
തെങ്ങിലെ തത്തയോട്........83
ജാലകം........87
ENGLISH FUN........89
കടൽത്തീരം........93
HISTORY OF COMPUTER........95
കാർമേഘം........97
വില്യം ഷേക്സ്പിയറിന്റെ പ്രധാന കൃതികൾ........99
പ്രകൃതി സൗന്ദര്യം........101
10 FAMOUS QUOTES OF A P J ABDUL KALAM........103
അമ്മ(ജനനി,മാതാവ്)........107
ബഷീർ കൃതികൾ........109
മഴ........113
രു മര(ട്)മണ്ടൻ ഫ്ലാറ്റുകഥ........115
പുലരി........119
സോളാർ എനർജി........121
ഗുരു........127
ദൈവദൂതന്റെ കരസ്പർശം........129
ഗവേഷണങ്ങൾ........139
ROSE........141
പ്രകൃതി........143
കരയിലെ ഏറ്റവും ഉക്കം കൂടിയ ചില ജീവികൾ........145
ഗുരുനാഥൻ........147
യോഗ........151
അച്ഛൻ(പിതാവ്)........153
ഉയം നമ്മുടെ കർമ്മഫലം........155
ആനിയും കുമാരനും........159

1.തത്തമ്മ(കവിത)

2.സാങ്കേതിക വിദ്യാകാലത്തെ സാഹിത്യം(പ്രബന്ധം)

3.സ്വാതന്ത്ര്യത്തിൻ കണ്ണീർപുലരി(കവിത)

4.വിളിപ്പേരുകൾ

5.ചിലങ്ക(കവിത)

7.ബുദ്ധിപരീക്ഷണചോദ്യം

8.തെങ്ങിലെ തത്തയോട്(കവിത)

9..ജാലകം(കവിത)

10.ENGLISH FUN

11.കടൽത്തീരം(കവിത)

12.HISTORY OF COMPUTER

13.കാർമേഘം(കവിത)

14.വില്യം ഷേക്സ്പിയർ

15.പ്രകൃതിസൗന്ദര്യം(കവിത)

18.QUOTES

19.അമ്മ(കവിത)

20.പുസ്തകാസ്വാദനം(ബഷീർ കൃതികൾ)

21.മഴ(കവിത)

22.ഒരു മര(ട്)മണ്ടൻ ഫ്ലാറ്റുകഥ(കഥ)

23.പുലരി(കവിത)

24 സോളാർ എനർജി

25.ഗുരു(കവിത)

26SHADOW(POEM)

27.ഗവേഷണങ്ങൾ

28.ചിത്രം

29 പ്രകൃതി(കവിത)

30.ഉറക്കം കൂടിയ ജീവികൾ

31.അച്ഛൻ(കവിത)

32.പ്രളയം(ഉപന്യാസം)

33.ROSE(POEM)

34.ദൈവദൂതന്റെ കരസ്പർശം

35.ഗുരുനാഥൻ(കവിത)

36.ആനിയും കുമാരനും

37.യോഗ(കവിത)

*നിറവ്*

***SCHSS RANNY***

# റാന്നി എസ് സി ഹയർ സെക്കൻഡറി സ്കൂളിന്റെ ചരിത്രം

## ആമുഖം

വിദ്യാലയത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് പള്ളിക്ക് മുൻപേ പള്ളിക്കൂടം സ്ഥാപിച്ച പഴവങ്ങാടിക്കര ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയുടെ നേതൃത്വത്തിലുള്ള റാന്നി എസ് സി ഹയർ സെക്കൻഡറി സ്കൂൾ നൂറാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഒരു നാടിന്റെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് കരുത്ത് പകർന്ന ഈ സ്കൂൾ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ കലാ കായിക മേഖലകളിൽ പ്രകാശം ചൊരിഞ്ഞു പത്തനംതിട്ട ജില്ലയുടെ തന്നെ അഭിമാനം ആയി മാറിയിരിക്കുന്നു.സാഹോദര്യവും സമത്വവും സ്വതന്ത്ര ചിന്താഗതികളും അഭിമാനവും ഉള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിൽ സ്കൂളിന്റെ പ്രവർത്തനങ്ങൾ വളരെയധികം സഹായിക്കുന്നുണ്ട്.ഒരു തലമുറയുടെ ത്യാഗത്തിന്റെ ഫലമായി രൂപംകൊണ്ട ഈ സ്കൂൾ പൂർവികരുടെ ലക്ഷ്യങ്ങളെ ഫലപ്രാപ്തിയിൽ എത്തിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ ലക്ഷ്യങ്ങളിൽ നിന്ന് പിന്മാറാതെ തുടർന്നും പ്രവർത്തിക്കുവാൻ കഴിയട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും പൂർവ പിതാക്കന്മാർ കാട്ടിത്തന്ന നല്ല മാതൃകകളെ അനുസ്മരിച്ചുകൊണ്ടും നൂറാം വർഷത്തെ റിപ്പോർട്ട് സവിനയം സമർപ്പിച്ചു കൊള്ളുന്നു.

### വളർച്ചയുടെ പടവുകൾ



ആത്മീയ വളർച്ചയോടൊപ്പം സാമൂഹിക വളർച്ചയും ലക്ഷ്യമിട്ട പൂർവപിതാക്കന്മാർ സൺഡേസ്കൂൾപഠനത്തിനായി നിർമ്മിച്ചിരുന്ന പ്രാർത്ഥന യോഗ കെട്ടിടം 1920 ൽ വിപുലപ്പെടുത്തി സിറിയൻ ക്രിസ്ത്യൻ ഇംഗ്ലീഷ് മീഡിൽ സ്കൂൾ ആരംഭിച്ചു.പ്രിപ്പയാടി ക്ലാസിൽ 32 കുട്ടികൾക്കും ഫസ്റ്റ് ഫോറത്തിൽ 16 കുട്ടികൾക്കുംആദ്യമായി പ്രവേശനംനൽകി. ദിവ്യശ്രീ സി പി ഫിലിപ്പോസ് കശ്ശീശയുടെയും ദിവ്യശ്രീ കെ ഇ ഉമ്മൻ കശ്ശീശയുടെയും പ്രോത്സാഹനവും കഠിനാധ്വാനികളായ പിതാക്കന്മാരുടെനിശ്ചയദാർഢ്യവുംഅചഞ്ചലമായ ദൈവവിശ്വാസവും എന്തിനെയും നേരിടാനുള്ള മനോധൈര്യവും സ്കൂൾ സ്ഥാപനത്തിന് കാരണമായി. പ്രധാനാധ്യാപകനായി മുണ്ടകത്തിൽ ശ്രീ കെ ഐ മാത്യുവും അധ്യാപകരായി കോലത്ത് കെ സി മാത്യുവും നീരറ്റുപുറം ശ്രീ എം കെ മാത്യുവും പുല്ലംപള്ളിൽ ശ്രീ പി പി ഫിലിപ്പും സേവനമനുഷ്ഠിച്ചു .വിജ്ഞാനം,കൃത്യനിഷ്ഠ, ശുചിത്വബോധം സേവന മനോഭാവംഅനുസരണ ശീലം സത്യസന്ധത,ഈശ്വരവിശ്വാസം എന്നീ സൽഗുണങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുന്നതിന് തനതായ പരിപാടികൾ നടപ്പിലാക്കി പിന്നീട് വന്നവർ സ്കൂളിനെ പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് നയിച്ചു.പഴവങ്ങാടിക്കര ഇമ്മാനുവേൽ ഇടവകയ്ക്കായി ഒരു പട്ടക്കാരന്റെ സേവനം ലഭിക്കുന്നത് 1934 മുതൽ ആണ്.കളത്രയിൽ ദിവ്യശ്രീ കെ ജെ തോമസ് ഇടവക വികാരിയായും കറസ്പോണ്ടന്റായും ചുമതലയേറ്റു.

1950 ൽ നമ്മുടെ സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. അന്ന് കറസ്പോണ്ടന്റ് ആയിരുന്ന കെ എം നൈനാൻ അച്ചന്റെ നേതൃത്വത്തിൽ ഇന്ന് കാണുന്ന സ്ഥലം വാങ്ങി കെട്ടിടങ്ങൾ സമയബന്ധിതമായിപൂർത്തീകരിച്ച് ക്ലാസ്സുകൾ ആരംഭിച്ചു.കർമ്മകുശലനും ആദർശധീരനുമായ ശ്രീ സി എ ജോർജ്ജ് ചേപ്പനാലിൽഹെഡ്മാസ്റ്ററായി നിയമിതനായി.1998 ൽ നൈനാൻ വർഗീസ് അച്ചന്റെ നേതൃത്വത്തിൽ പ്രവർത്തിച്ച സ്കൂൾ മാനേജിംഗ് ബോർഡിന്റെ കഠിന ശ്രമത്തിൽ രണ്ട് സയൻസ് ഗ്രൂപ്പും ഒരു കൊമേഴ്സ് ഗ്രൂപ്പും ഒരു ഹ്യുമാനിറ്റിസ് ഗ്രൂപ്പും ആയി ഹയർസെക്കൻഡറി പ്രവർത്തനമാരംഭിച്ചു.
1999 ൽ അത് മൂന്ന് സയൻസ് ഗ്രൂപ്പും മൂന്ന് കൊമേഴ്സ് ഗ്രൂപ്പും രണ്ട് ഹ്യൂമാനിറ്റീസ് ഗ്രൂപ്പുമായി ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന ഹയർ സെക്കൻഡറി സ്കൂൾ ആയി രൂപാന്തരപ്പെട്ടു .1996 മുതൽ ഹെഡ് മിസ്ട്രസ് ആയി പ്രവർത്തിച്ച ശ്രീമതി കെ എം സാലിക്കുട്ടി പ്രഥമ പ്രിൻസിപ്പാളിന്റെ ചുമതല കൂടി വഹിച്ചു.

ഇന്ന് പാഠ്യ വിഷയങ്ങളിലും പാഠ്യേതര വിഷയങ്ങളിലും ഉയർന്ന നിലവാരം പുലർത്തുന്ന കേരളത്തിലെ എണ്ണപ്പെട്ട സ്കൂളുകളുടെ മുൻനിരയിലേക്ക് നമ്മുടെ സ്കൂൾ വളർന്നുകഴിഞ്ഞു.ഓല മേഞ്ഞ കെട്ടിടത്തിൽ ആരംഭിച്ച സ്കൂൾ ഇന്ന് മൂന്നു നിലകളോട് കൂടിയ കോൺക്രീറ്റ് കെട്ടിടങ്ങൾ ആയി പരിണമിച്ചു.സമീപ സ്കൂളുകളിൽ കാണാത്ത ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും മാനേജ്മെന്റിന് കഴിഞ്ഞിട്ടുണ്ട്.സർക്കാർ സഹായത്തോടെ യു പി മുതൽ ഹയർ സെക്കൻഡറി തലം വരെ എല്ലാ ക്ലാസ് മുറികളും ഹൈടെക്ക് ആക്കാനും കഴിഞ്ഞിട്ടുണ്ട്.പഴവങ്ങാടിക്കര ഇമ്മാനുവേൽ ഇടവക വികാരിമാരായി പ്രവർത്തിച്ച ദൈവാശ്രയവും സമർപ്പണ ബോധവും നിശ്ചയ ദാർഢ്യവും നേതൃത്വ പാടവവും ഉള്ള അനേകം വികാരിമാർ മാനേജർ ആയി പ്രവർത്തിച്ച് വലിയ കൈത്താങ്ങൽ നൽകി.ആദ്യ മാനേജരായി പ്രവർത്തിച്ച നി.വ.ദി.ശ്രീ മാത്യൂസ് മാർ അത്താനാസ്യോസ്, മാർത്തോമ്മാ സഭയുടെ പരമാധ്യക്ഷൻ മോസ്റ്റ് റവ ഡോക്ടർ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത,അടൂർ-മാവേലിക്കര ഭദ്രാസനാധിപൻ റൈറ്റ് റവ ഡോക്ടർ എബ്രഹാം മാർ പൗലോസ് എന്നീ തിരുമേനിമാരുടെ പേരുകൾ എടുത്തുപറയേണ്ടതാണ്. ഹെഡ്മാസ്റ്റർമാരായും പ്രിൻസിപ്പാൾമാരായും അധ്യാപകരായും അനധ്യാപകരായും പ്രവർത്തിച്ച് ഈ സ്കൂളിന്റെ സർവ്വതോന്മുഖമായ ഉന്നതി മാത്രം കാംക്ഷിച്ച് പൂർവ്വപിതാക്കന്മാരുടെ ആഗ്രഹം സഫലമാക്കി സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഉന്നത ശീർഷരായ പ്രതിഭകളെ സമ്മാനിച്ച് നൂറാം വർഷത്തിലും നമ്മുടെ സ്കൂളിനെ നിലനിൽക്കാൻ പ്രാപ്തരാക്കിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**സ്കൂൾ മാനേജ്മെന്റ്**

റിപ്പോർട്ട് വർഷം റവ. മാത്യു സ്കറിയ മാനേജർ ആയും ശ്രീ ടി പി ഫിലിപ്പ് മാനേജിങ് ബോർഡ് സെക്രട്ടറിയായും ശ്രീ ജേക്കബ് തോമസ് ട്രസ്റ്റി ആയും ശ്രീമതി അന്നമ്മ കൊച്ചുമ്മൻ അക്കൗണ്ട് ട്രസ്റ്റി ആയും ശ്രീ ടി എ തോമസ്,ശ്രീ വർഗീസ് മാത്യു,അഡ്വക്കേറ്റ് എബ്രഹാം മാത്യു,ശ്രീ റോയി ടി തോമസ് ,ശ്രീ പ്രിൻസ് വർഗീസ്,ശ്രീ റ്റി റ്റി ഫിലിപ്പോസ്, ശ്രീ തോമസ് റ്റി തോമസ്,ശ്രീ ജോർജ്ജ് സി മാത്യു,ശ്രീമതി ലീന ബോബി,ശ്രീ ജോൺ കെ മാത്യു,ശ്രീമതി സോഫി ഫിലിപ്പ് എന്നിവർ കമ്മിറ്റി അംഗങ്ങളായും പ്രവർത്തിക്കുന്നു.

**സ്റ്റാഫും വിദ്യാർത്ഥികളും**

പ്രിൻസിപ്പാൾ ആയി ശ്രീമതി ലീനാ ആനി എബ്രഹാമും ഹെഡ്മാസ്റ്ററായി ശ്രീ ജേക്കബ് ബേബിയും യുപി ടീച്ചർ ഇൻ ചാർജ് ആയി ശ്രീമതി സൂസൻ റ്റി ജോസഫും പ്രവർത്തിക്കുന്നു.69 അധ്യാപകരും 9

അനധ്യാപകരുംസേവനമനുഷ്ഠിക്കുന്നു.യുപി,ഹൈസ്കൂൾവിഭാഗങ്ങളിലായി825 കുട്ടികളുംഹയർസെക്കൻഡറി വിഭാഗത്തിൽ 812 കുട്ടികളും അഭ്യസനം നടത്തുന്നു.ഹയർസെക്കൻഡറി വിഭാഗത്തിൽ ശ്രീമതി സന്ധ്യ സൂസൻ അലക്സിനെയും ( BOTANY) ഹൈസ്കൂൾ വിഭാഗത്തിൽ സ്റ്റെഫി വർഗീസിനെയും(MATHEMATICS) നിയമിച്ചു.ശ്രീമതി സോജി പി തങ്കച്ചന് എച്ച് എസ് എ യായി പ്രമോഷൻ നൽകി.യുപി വിഭാഗത്തിൽ നിമിഷ റെയ്ച്ചൽ ജോർജ്ജ്,ശ്രീമതി ലിജി തോമസ് എന്നിവരെയും നിയമിച്ചു.ശ്രീമതി രാജശ്രീ ആർ, ഐ ഇ ഡി സി ആയി സേവനമനുഷ്ഠിക്കുന്നു.ഹയർ സെക്കൻഡറി വിഭാഗത്തിൽ ഇംഗ്ലീഷ് അധ്യാപികയായി ഒൻപത് വർഷകാലം സേവനം അനുഷ്ഠിച്ച ശേഷം ദീർഘ കാല അവധിയിൽ ആയിരുന്ന ശ്രീമതി മറിയ ബെറ്റ്സി ജെ 4/12/2019 മുതൽ സർവീസിൽ നിന്ന് സ്വയം വിരമിച്ചു. എല്ലാദിവസവും രാവിലെ അധ്യാപകരുടെ പ്രാർത്ഥനയോടെ സ്കൂൾ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.

**99ാമത് വാർഷിക സമ്മേളനം**




99 ാമത് വാർഷിക ദിനാഘോഷ പരിപാടികൾ 2019 ജനുവരി 22-ാം തീയതി 9 എ എം ന് പഴവങ്ങാടിക്കര ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക സഹ വികാരി തോമസ് റിനു വർഗീസ് പതാക ഉയർത്തിയതോടെ ആരംഭിച്ചു. തുടർന്നു നടന്ന സ്തോത്ര ശുശ്രൂഷയ്ക്കും അച്ചൻ നേതൃത്വം നൽകി. പൊതു മീറ്റിംഗ് 10:30 am ന് സ്കൂൾ മാനേജർ റവ മാത്യു സ്കറിയയുടെ അധ്യക്ഷതയിൽ കൂടി.പ്രിൻസിപ്പാൾ ശ്രീമതി ഏലിയാമ്മ അലക്സ് സ്വാഗതം ആശംസിക്കുകയും ശ്രീമതി അനി മാത്യു റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ സിറിയക്ക് തോമസ് ഉദ്ഘാടനവും മുഖ്യപ്രഭാഷണവും നടത്തി. വിദ്യാഭ്യാസമാണ് ഏറ്റവും വലിയ സമ്പത്ത് എന്നും അതുകൊണ്ടാണ് പള്ളികളോട് ചേർന്ന് പള്ളിക്കൂടങ്ങൾ ആരംഭിച്ചതെന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം അധ്യാപക-വിദ്യാർത്ഥി ബന്ധങ്ങളിലൂടെ ഉയർത്തണമെന്നും അദ്ദേഹം ഉൽബോധിപ്പിച്ചു.പി ടി എ പ്രസിഡന്റ് റവ.സി ജേക്കബ് ജോർജ്ജ്,മാനേജിംഗ് ബോർഡ് സെക്രട്ടറി ശ്രീ മാത്യു തോമസ്,പൂർവ അധ്യാപക പ്രതിനിധി ശ്രീ പി എം നൈനാൻ,ഹെഡ്മിസ്ട്രസ് ശ്രീമതി സുജ ജേക്കബ്, സ്കൂൾ ലീഡർ ,പി രവികൃഷ്ണൻ എന്നിവർ ആശംസകൾ അർപ്പിച്ചു. വിദ്യാർത്ഥികൾക്കുള്ള



സ്കോളർഷിപ്പ് വിതരണവും കലോൽസവ പ്രതിഭകൾക്കുള്ള ട്രോഫി വിതരണവും നടത്തി. സ്റ്റാഫ് സെക്രട്ടറി ശ്രീ മാത്യു തോമസ് നന്ദി അറിയിച്ചു. ദേശീയ ഗാനത്തോടെ മീറ്റിംഗ്പര്യവസാനിച്ചു.ഉച്ചയ്ക്കുശേഷം വിദ്യാർത്ഥികളുടെ വിവിധ കലാ പരിപാടികൾ അരങ്ങേറി.

## യാത്രയയപ്പ് സമ്മേളനം




ദീർഘ വർഷത്തെ സ്തുത്യർഹ സേവനത്തിനുശേഷം സർവീസിൽ നിന്ന് വിരമിക്കുന്ന പ്രിൻസിപ്പാൾ ശ്രീമതി ഏലിയാമ്മ അലക്സ്, ശ്രീമതി സുജ ജേക്കബ്,യു പി സ്കൂൾ ടീച്ചർ ഇൻ ചാർജ് ശ്രീമതി ജെമിലി മാത്യൂസ്,ഹൈസ്കൂൾ വിഭാഗം സയൻസ് അധ്യാപകൻ ശ്രീ ജോൺ ഏബ്രഹാം എന്നിവർക്കുള്ള യാത്രയയപ്പ് സമ്മേളനം 2019 ജനുവരി 23 ാം തീയതി ബുധനാഴ്ച 10 am ന് സ്കൂൾ

ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി സ്കൂൾ മാനേജർ റവ മാത്യു സ്കറിയാ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ മാർത്തോമ്മാ സഭ അടൂർ മാവേലിക്കര ഭദ്രാസനാധിപൻ റൈറ്റ് റവ ഡോക്ടർ എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ ഉദ്ഘാടന കർമ്മം നിർവഹിച്ചു.ഒരു നല്ല സമൂഹത്തെ വാർത്തെടുക്കുന്നതിൽ അധ്യാപകർക്കുള്ള പങ്ക് ഓർമിപ്പിച്ച് നാല് അധ്യാപക ശ്രേഷ്ഠർക്കും അദ്ദേഹം ആശംസ അർപ്പിച്ചു. ശ്രീ രാജു എബ്രഹാം എംഎൽഎ മുഖ്യപ്രഭാഷണം നടത്തി .ശക്തമായ അടിത്തറ പകരുന്ന സ്കൂളുകളെ പ്രയോജനപ്പെടുത്തണമെന്നും അതിനു സഹായിക്കുന്ന അധ്യാപകർ എന്നും ഓർമ്മിക്കപ്പെടും എന്നും അദ്ദേഹം തന്റെ പ്രസംഗത്തിൽ അനുസ്മരിച്ചു.പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ ജോസഫ് കുറിയാക്കോസ്,സ്കൂൾ മാനേജിംഗ് ബോർഡ് സെക്രട്ടറി ശ്രീ മാത്യു തോമസ്,പിടിഎ വൈസ് പ്രസിഡണ്ട് ഷൈനി രാജീവ്, വാർഡ് മെമ്പർ ശ്രീ അനിൽ തുണ്ടിയിൽ,മുൻ ഹെഡ്മാസ്റ്റർ ശ്രീ സിജെ ഈശോ, അധ്യാപക പ്രതിനിധി ശ്രീമതി ലീനാ ആനി എബ്രഹാം,വിദ്യാർത്ഥി പ്രതിനിധി മാസ്റ്റർ അജയ് മോൻ ജെ,അസിസ്റ്റൻറ് എഡ്യൂക്കേഷൻ ഓഫീസർ ശ്രീമതി സുധാമണിഎന്നിവർ യാത്രാ മംഗളങ്ങൾ നേർന്നു. ഫോട്ടോ അനാച്ഛാദനം,മെമന്റോ സമർപ്പണം,മറുപടി പ്രസംഗം, നന്ദിപ്രകാശനം ദേശീയഗാനം എന്നിവയ്ക്കുശേഷം മീറ്റിംഗ് പര്യവസാനിച്ചു.

## പി റ്റി എ

സ്കൂളിലെ എല്ലാവിധ പ്രവർത്തനങ്ങളിലും ശക്തമായ സാന്നിധ്യം അറിയിച്ചു കൊണ്ട് സ്കൂൾ പി റ്റി എ നിലകൊള്ളുന്നു.പിടിഎ പ്രസിഡണ്ട് ആയി ശ്രീമതി ഷൈനി രാജീവും വൈസ് പ്രസിഡണ്ടായി സാം റ്റി ചാക്കോയും പ്രവർത്തിച്ചുവരുന്നു.പിടിഎയുടെ വാർഷിക പൊതു സമ്മേളനം 2019 ഒക്ടോബർ 22 ാം തീയതി 1:30 pm ന് പിടിഎ പ്രസിഡണ്ട് റവ. സി ജേക്കബ് ജോർജിന്റെ അധ്യക്ഷതയിൽ കൂടി. റവ. ഡോ.ജോ ജോസഫ് കുരുവിള മുഖ്യപ്രഭാഷണം നടത്തി.

വയനാട് സർവ്വജന ഹയർ സെക്കൻഡറി സ്കൂളിൽ പാമ്പുകടിയേറ്റ് ഷഹ്‌ല എന്ന വിദ്യാർത്ഥിനി മരിച്ച സാഹചര്യത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകിയ നിർദ്ദേശപ്രകാരം 2019 നവംബർ 29 ാം തീയതി വെള്ളിയാഴ്ച 2 pm ന് പി റ്റി എ യുടെ ഒരു അടിയന്തിര മീറ്റിംഗ് പ്രസിഡണ്ട് ശ്രീമതി ഷൈനി രാജീവിന്റെ നേതൃത്വത്തിൽ കൂടി .ഏറ്റവും മെച്ചപ്പെട്ട സാഹചര്യങ്ങളാണ് സ്കൂളിനുള്ളതെന്ന് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സ്കൂൾ മാനേജർ റവ. മാത്യു സ്കറിയ അറിയിച്ചു.അതോടൊപ്പം ശുചിത്വപാലനത്തെ പറ്റിയും പ്ലാസ്റ്റിക്ക് വിമുക്ത പരിസരത്തെ പറ്റിയും ബോധവൽക്കരണ ക്ലാസും നടന്നു.ക്ലാസ് പിടിഎ,കോർണർ പിടിഎ,ഭവന

സന്ദർശനങ്ങൾ എന്നിവയിലൂടെയും അധ്യാപക രക്ഷാകർത്തൃബന്ധം വിപുലീകരിക്കാനും അതുവഴി കുട്ടികളുടെ പഠനപുരോഗതി ഉറപ്പിക്കാനും ശ്രമിക്കുന്ന റിപ്പോർട്ട് വർഷം പല കമ്മിറ്റികൾ കൂടി ഫലപ്രദമായ തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കാൻ പി ടി എ യ്ക്ക് കഴിഞ്ഞു.





**പ്രവേശനോത്സവം**

ഈ വർഷത്തെ പ്രവേശനോത്സവത്തിന്റെ ഉദ്ഘാടനം 2019 JUNE 6ാം തീയതി സ്കൂൾ മാനേജർ റവ.മാത്യു സ്കറിയയുടെ അധ്യക്ഷതയിൽ സ്കൂൾ ആഡിറ്റോറിയത്തിൽ വച്ച് നടന്ന മിറ്റിംഗിൽ ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ ജോർജ് മാമ്മൻ കൊണ്ടൂർ നിർവഹിച്ചു.



**ശതാബ്ദി ഉദ്ഘാടനം**





സ്കൂളിന്റെ ശതാബ്ദി ആഘോഷ പരിപാടികളുടെ ഉദ്ഘാടനം 2019 ആഗസ്റ്റ് മാസം 19 ാം തീയതി തിങ്കളാഴ്ച 2:30 പി എമ്മിന് റാന്നി ഇട്ടിയപ്പാറ മാർത്തോമ്മാ കൺവൻഷൻ നഗറിൽ വെച്ച് ബഹുമാനപ്പെട്ട കേരളഗവർണർ ജസ്റ്റിസ് പി സദാശിവംപ്രൗഢഗംഭീരമായ സദസ്സിനെ സാക്ഷി നിർത്തി നിർവഹിച്ചു.മാർത്തോമ്മാ സഭയുടെ പരമാധ്യക്ഷൻ മോസ്റ്റ് റവ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത അധ്യക്ഷതവഹിച്ച സമ്മേളനത്തിൽ പത്തനംതിട്ടഎം പി ശ്രീ ആന്റോ ആന്റണി, റാന്നി എം എൽ എ ശ്രീ രാജു എബ്രഹാം ,മുൻ ഡിജിപിയും പൂർവ വിദ്യാർത്ഥിയുമായ ശ്രീ ജേക്കബ് പുന്നൂസ് ഐപിഎസ് എന്നിവർ ആശംസകൾ നേർന്നു.സ്കൂൾ മാനേജർ റവ. മാത്യു സ്കറിയ സ്വാഗതവും പ്രിൻസിപ്പാൾ ശ്രീമതി ലീനാ ആനി എബ്രഹാം നന്ദിയും അറിയിച്ചു.ശതാബ്ദി ആഘോഷ പരിപാടികൾ റാന്നിയുടെ ചരിത്രത്തിലെ ഒരു മഹാ സംഭവമാക്കി മാറ്റാൻ കഴിഞ്ഞത് അനേകരുടെ നിർലോഭമായ സഹായ സഹകരണങ്ങൾ കൊണ്ടും ദൈവകൃപ കൊണ്ടും മാത്രമാണ്.

**സംസ്മൃതി 20-20**








ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന ശതാബ്ദി ആഘോഷ പരിപാടികളുടെ ഭാഗമായി പൂർവ്വ അധ്യാപക അനധ്യാപക വിദ്യാർഥികളെപങ്കെടുപ്പിച്ചുകൊണ്ട് ഒരു മഹാസമ്മേളനം 2019 ഡിസംബർ 29 ാം തീയതി ഞായറാഴ്ച 2:30 pm ന് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി.സ്കൂൾ മാനേജർ റവ മാത്യു സ്കറിയ അധ്യക്ഷത വഹിച്ച മീറ്റിങ് പൂർവ്വവിദ്യാർത്ഥിയും ഫോറൻസിക്ക് ജോയിന്റ് ഡയറക്ടറുമായ ശ്രീ സോമശേഖരൻ ഉദ്ഘാടനം ചെയ്തു .പൂർവ വിദ്യാർത്ഥികളായ ശ്രീ എ സി ജോൺ (മുൻ ഹെഡ്മാസ്റ്റർ),ദേശീയ അധ്യാപക അവാർഡ് ജേതാവും മുൻ ഹെഡ്മാസ്റ്ററുമായ ശ്രീ സി ജെ ഈശോ ,റവ ബോബി ഫിലിപ്പ് (മുൻ മാനേജർ),ഡോക്ടർ ഉഷ കെ പുതുമന,ശ്രീ സാബു പി എസ് (കോട്ടയം എസ് പി),ശ്രീ മിന്റു പി ജേക്കബ് (സബ് എഡിറ്റർ,മലയാള മനോരമ),ശ്രീ ജോസഫ് കുര്യാക്കോസ്(പഴവങ്ങാടി പഞ്ചായത്ത് പ്രസിഡന്റ്)എന്നിവർ പൂർവകാല സ്മരണകൾ പങ്കുവെച്ചു .

**അസംബ്ലി**



ഹയർസെക്കൻഡറി,ഹൈസ്കൂൾ,യുപി വിഭാഗങ്ങൾക്ക്പ്രത്യേകമായിഅസംബ്ലിക്രമീകരിച്ചിട്ടുണ്ട്. ആഴ്ചയിൽ ഒരു ദിവസം നടത്തുന്ന അസംബ്ലിക്ക് ഓരോ ക്ലാസുകൾ വീതം നേതൃത്വംനൽകുന്നു.ആനുകാലിക വിഷയങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുകയും പൊതു പ്രതിജ്ഞ എടുക്കുകയും ചെയ്യുന്നു.

**സ്റ്റാഫ് കൗൺസിൽ**

സ്കൂളിന്റെ സുഗമമായ നടത്തിപ്പിന് സഹായവും സഹകരണവും നൽകിവരുന്നു.ശ്രീ മാത്യു തോമസ് സ്റ്റാഫ് സെക്രട്ടറിയായി പ്രവർത്തിക്കുന്നു.റിപ്പോർട്ട് വർഷം ആറ് പ്രാവശ്യം സ്റ്റാഫ് കൗൺസിൽ കൂടുകയും തീരുമാനങ്ങളെടുക്കുകയും നടപ്പിലാക്കുകയും ചെയ്തു.

**എസ് ആർ ജി**

പാഠ്യ പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് പരിശ്രമിക്കുന്നു.ശ്രീ സജി അലക്സാണ്ടർ,ശ്രീമതി ലിജി സൂസൻ മാത്യു,ശ്രീമതി ജയ എം,ശ്രീമതി ബെറ്റ്സി കെ ഉമ്മൻ എന്നിവർ ചാർജ് വഹിക്കുന്നു.

**സ്കൂൾ ക്വയർ**

അസംബ്ലി,പൊതു മീറ്റിങ്ങുകൾ

എന്നിവ മനോഹരമാക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നു.

**പ്രയർ ഗ്രൂപ്പ്**

വെള്ളിയാഴ്ചകളിൽ സ്റ്റാഫ് ഒന്നിച്ചുകൂടി വചന ധ്യാനം, മധ്യസ്ഥപ്രാർഥന എന്നിവ ക്രമീകരിച്ചിരിക്കുന്നു.

**ലൈബ്രറി & റീഡിംഗ് റൂം**

വായനയുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കാൻ സ്കൂളിലെ വിപുലമായ ലൈബ്രറി സഹായിക്കുന്നു.എച്ച് എസ് എസ് വിഭാഗത്തിൽ ശ്രീമതി മേരി ഉമ്മനും ഹൈസ്കൂളിൽ ശ്രീമതി അനില റേച്ചൽ ജോസഫും യുപിയിൽ ശ്രീമതി ജെസ്സി വറുഗീസും ചുമതല വഹിക്കുന്നു.

**കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

റാന്നിയിലെ പതിനാറ് സ്കൂളുകൾ ഉൾപ്പെടുന്ന ഒരു ക്ലസ്റ്റർ ആയി സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തിക്കുന്നു.ഇതിന്റെ പ്രസിഡണ്ടായി ഹെഡ്മാസ്റ്ററും സെക്രട്ടറിയായി ശ്രീമതി ഷീലാ ജോയിയും ശ്രീമതി അന്ന എം വർഗീസും പ്രവർത്തിക്കുന്നു.

**നൂൺ ഫീഡിങ്**കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്ന പദ്ധതി ഈ വർഷവും ഭംഗിയായി നടത്തുവാൻ സാധിച്ചു.ശ്രീമതിമാരായ സീനാ എൽമ വർഗീസ്,ഷൈനി റ്റി ജോർജ്,സോജി പി തങ്കച്ചൻ എന്നിവർ ചുമതല വഹിക്കുന്നു.





**സ്റ്റുഡൻറ് പോലീസ് കേഡറ്റ്**

ചൊവ്വ,വെള്ളി,ശനി ദിവസങ്ങളിൽപിറ്റിപരേഡ് നടത്തുന്നു.ഓണം ക്രിസ്തുമസ് വെക്കേഷൻ ക്യാമ്പുകളിൽഎല്ലാ കേഡറ്റുകളും പങ്കെടുക്കുന്നു.സിപിഒ വർഗീസ് മാത്യു,എസിപി ഓ സൂസൻ സാം എന്നിവർ നേതൃത്വം നൽകി വരുന്നു.



## ജൂനിയർ റെഡ് ക്രോസ്



സേവനം എന്ന ലക്ഷ്യത്തെ ആസ്പദമാക്കി ജൂനിയർ റെഡ് ക്രോസ് പ്രവർത്തിച്ചുവരുന്നു.എ ബി സി എന്നീ മൂന്നു വിഭാഗങ്ങളിലായി 50 കുട്ടികൾ പ്രവർത്തിക്കുന്നു.കൗൺസിലറായി ശ്രീമതി ലീന എലിസബേത്ത് അലക്സാണ്ടർ പ്രവർത്തിക്കുന്നു.

## ലിറ്റിൽ കൈറ്റ്സ്




സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഹൈ ടെക് ആകുമ്പോൾ വിദ്യാലയങ്ങളുടെ പരിപാലനത്തിനും ഹൈ ടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് ഈ സ്കൂളിലും പ്രവർത്തിക്കുന്നു. 8,9,10 ക്ലാസ്സുകളിലെ 65 വിദ്യാർത്ഥികൾ ഇതിൽ അംഗങ്ങളായി പ്രവർത്തിക്കുന്നു ശ്രീമതിമാരായ മോൾസി തോമസ്,ആൻസി വർഗീസ് എന്നിവർ നേതൃത്വം നൽകുന്നു.ഡിജിറ്റൽ ലോകത്തെക്കുറിച്ച് അമ്മമാരെ ബോധവാന്മാരാക്കി."നിറവ് " എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസ്സിൻ നവംബർ ഒന്നാം തീയതി കേരളപ്പിറവി ദിനത്തിൽ പഴവങ്ങാടിക്കര ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക സഹവികാരി റെനി കെ ഏബ്രഹാം പ്രകാശനം ചെയ്തു.

## വിദ്യാരംഗം കലാസാഹിത്യവേദി



കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച വിദ്യാരംഗം കലാസാഹിത്യവേദി ഈ സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്നു.ഉപജില്ല,ജില്ല മത്സരങ്ങളിൽ പങ്കെടുത്ത് കുട്ടികൾ പ്രശസ്ത വിജയം നേടി. ശ്രീമതിമാരായ ലിജി കെ ഏബ്രഹാം,അനു എം വർഗീസ് എന്നിവർ ചുമതല വഹിക്കുന്നു.

## സ്റ്റുഡന്റ്സ് കൗൺസിൽ

സ്കൂൾ ചെയർമാൻ:ജിബിൻ ചാക്കോസ്കൂൾ ലീഡർ:ശ്രേയ സുജിത്ത്സെക്രട്ടറി:സ്റ്റെഫിൻ ജെ സണ്ണി ജോയിന്റ് സെക്രട്ടറി:എസ്‌ലി സജു

## കരിയർ ഗൈഡൻസ്



ഹയർസെക്കൻഡറി വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ അഭിരുചികൾ മനസ്സിലാക്കി അവർക്ക് താല്പര്യമുള്ള മേഖലകളിൽ ജോലി കണ്ടെത്തുന്നതിന് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിന് കരിയർ



ഗൈഡൻസ് സഹായിക്കുന്നു.ശ്രീ അനിൽ ബോസ് കരിയർ മേഖലയിലെജോലിസാധ്യതകളെക്കുറിച്ച്ക്ലാസ്സെടുത്തു.പാത്ത് ഫൈന്റർ,സിത്താർ തുടങ്ങിയ മത്സരപരീക്ഷകളിൽ നമ്മുടെ സ്കൂളിലെ കുട്ടികൾ പങ്കെടുത്തു.മാവേലിക്കരയിൽ വെച്ച് നടന്ന നാലുദിവസത്തെ സിവിൽ സർവീസ് ഓറിയന്റേഷൻ ക്യാമ്പിൽ നമ്മുടെ സ്കൂളിൽ നിന്നും കുമാരി ജസ്റ്റി മറിയ ജോർജ്ജി പങ്കെടുത്തു. ശ്രീമതി റ്റാജിമോൾ ടി എസ് കരിയർ ഗൈഡ് ആയി പ്രവർത്തിച്ചുവരുന്നു.

## അസാപ്





കേരള ഗവൺമെന്റ് പൊതു വിദ്യാഭ്യാസത്തിന്റെയും ഉന്നതവിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റിന്റെയും സഹകരണത്തോടുകൂടി വിദ്യാർഥികളിൽ തൊഴിൽ നൈപുണ്യവും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിജ്ഞാനവും വർധിപ്പിക്കുന്നതിനായി അസാപ് കോഴ്സ് നടത്തി വരുന്നു.എല്ലാ ദിവസവും രാവിലെ 8 മണി മുതലും പൊതു അവധി ദിവസങ്ങളിലുമാണ് ക്ലാസ് നടത്തപ്പെടുന്നത്.കീക്കൊഴൂർ ഗവൺമെന്റ് സ്കൂളിൽ വെച്ച് വിവിധങ്ങളായ തൊഴിൽ മേഖലകളെ കുറിച്ച് ക്ലാസ് നടത്തപ്പെടുന്നു. സ്കിൽ ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവായി ശ്രീമതിമാരായ സോളി രാജനും അമ്പിളി മാത്യുവും സ്കൂൾ കോ ഓർഡിനേറ്റർ ആയി ശ്രീ ലിജു പി മാത്യുവും സേവനം ചെയ്യുന്നു.

## എൻ സി സി

അച്ചടക്കബോധം,കൃത്യനിഷ്ഠ ദേശസ്നേഹം എന്നീഗുണങ്ങൾകുട്ടികളിൽവളർത്തിയെടുക്കുക





എന്നലക്ഷ്യത്തോടെഎൻസിസിപ്രവർത്തിക്കുന്നു.2019-20 അധ്യയന വർഷത്തിൽ 100 എൻ സി സി കേഡറ്റുകൾ പരിശീലനം നേടി വരുന്നു. 2019 ഏപ്രിൽ മട്ടാഞ്ചേരിയിൽ വെച്ച് നടന്ന ട്രെയിനിംഗ്ക്യാമ്പിൽ ഈ



സ്കൂളിൽ നിന്നും 49 കേഡറ്റുകൾ പരിശീലനം നേടി.നേവൽ ബേസിൽ നടന്ന ഫ്ലൈയിംഗിൽ 13 കേഡറ്റുകളും ഫയറിംഗിൽ 48 കേഡറ്റുകളുംപരിശീലനം നേടി.ഈ വർഷം എൻ സി സി ലീഡേഴ്സ് ആയി SGT.JACOB PHILIP,SGT.STEFFIN SUNNY, SGT.AKSHAYA AJI,SGT.ALISHA WILSON എന്നിവർ പ്രവർത്തിക്കുന്നു.

## വിമുക്തി ക്ലബ്



കലാലയങ്ങളിലെ ലഹരി ഉപയോഗം തടയുക, ഇത്ഉണ്ടാക്കുന്നഅതിമാരകമായപ്രത്യാഘാതങ്ങളിൽ നിന്ന് യുവതലമുറയെ സംരക്ഷിക്കുക എന്നീ ലക്ഷ്യത്തോടെ സംസ്ഥാന എക്സൈസ്വകുപ്പിന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന വിമുക്തി ക്ലബിന്റെ ഈ വർഷത്തെ പ്രവർത്തന ഉദ്ഘാടനം പത്തനംതിട്ട എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ കെ മോഹനൻ നിർവഹിച്ചു.നടപ്പ് വർഷത്തെ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾക്ക്ബോധവൽക്കരണക്ലാസുകളുംചിത്രപ്രദർശനവും,പോസ്റ്റർഡിസൈനിങ്ങും,സ്കിറ്റുംസംഘടിപ്പിച്ചു.കൺവീനറായി ശ്രീ മാത്യു തോമസും കോ ഓർഡിനേറ്റർ ആയി ശ്രീമതി സീനാ രവീന്ദ്രനും പ്രസിഡന്റായി മാസ്റ്റർ അജയ് മോൻ ജെ യും സെക്രട്ടറിയായി കുമാരി പ്രെയ്സി അന്ന വർഗീസും പ്രവർത്തിക്കുന്നു.



## എൻ എസ് എസ്





വ്യക്തിത്വ വികസനം സാമൂഹിക സേവനത്തിലൂടെ എന്ന മുദ്രാവാക്യത്തെആസ്പദമാക്കി വിദ്യാർത്ഥികളുടെ ഇടയിൽ സേവനതല്പരത വളർത്തിയെടുക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന എൻ എസ് എസ് ന്റെ ഈ വർഷത്തെ പ്രവർത്തന ഉദ്ഘാടനം 2019 ജൂൺ മാസം ഏഴാം തീയതി സ്കൂൾ പ്രിൻസിപ്പാൾശ്രീമതിലീനാഅനിഏബ്രഹാംനിർവഹിച്ചു.Community,CampusOrientation വിഭാഗങ്ങളിലായി 120 മണിക്കൂർ പ്രവർത്തനം പൂർത്തിയാക്കി. പ്രധാനപ്പെട്ട എല്ലാ ദിനങ്ങളും ആചരിച്ചു.വായനാദിനം പത്തനംതിട്ട എസ് പി ശ്രീ ജയ ദേവ് ജി ഐ പി എസ് നിർവഹിച്ചു.ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്നേഹക്കൂടുക്ക പദ്ധതിയിലൂടെ സമാഹരിച്ച തുക സ്കൂളിലെ കുട്ടികളുടെചികിത്സയ്ക്കും ഭവനനിർമ്മാണത്തിനും വിനിയോഗിച്ചു.സ്കൂളിനു സമീപത്തുള്ള അംഗനവാടി,കാഞ്ഞിരത്താമല യുപി സ്കൂൾ 3 എന്നിവിടങ്ങളിൽ പഠനോപകരണങ്ങളും ഭക്ഷണ സാമഗ്രികളും വിതരണം ചെയ്തു.മലപ്പുറത്ത് ഉണ്ടായ പ്രകൃതിക്ഷോഭത്തിലുംസജീവമായി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളായി.എൻ എസ് എസ് വോളണ്ടിയേഴ്സ് ആകാശപറവയിൽ മാസത്തിൽ ഒരു ദിവസം ഭക്ഷണ പൊതി വിതരണം ചെയ്തു വരുന്നു.ഈ വർഷത്തെ സപ്തദിന ക്യാമ്പ് സെന്റ് മേരീസ് സെൻട്രൽ സ്കൂളിൽവച്ച് റാന്നി എം എൽ എ ഉദ്ഘാടനം ചെയ്തു.

അങ്ങാടി സെന്റ് തോമസ് യുപി സ്കൂൾ ഏറ്റെടുക്കുകയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.എൻ എസ് എസ് വോളന്റിയേഴ്സ് എല്ലാ പ്രവർത്തനങ്ങളിലുംശക്തമായ സാന്നിധ്യം കാഴ്ചവെച്ചു.പ്രോഗ്രാം ഓഫീസർമാരായി ശ്രീ സിബി വർഗീസ് ശ്രീമതി ദീപ്തി വി എന്നിവർ പ്രവർത്തിക്കുന്നു.



## സൗഹൃദ ക്ലബ്

കൗമാരക്കാരായ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ അറിയുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും സൗഹൃദ ക്ലബ് സഹായിക്കുന്നു. ക്ലബിന്റെ ആഭിമുഖ്യത്തിൽഫിസിക്കൽ ഹെൽത്ത്,മെന്റൽ ഹെൽത്ത്,മക്കളെ അറിയാൻ എന്നിവയുടെ ക്ലാസ്സുകൾ വിദഗ്ധരുടെ മേൽനോട്ടത്തിൽ നടത്തിവരുന്നു.അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ വെച്ച് നടന്ന സൗഹൃദ ക്യാമ്പിൽ പ്രതിനിധികളായി രണ്ടു പേർ പങ്കെടുത്തു.സൗഹൃദ ക്ലബ്ബ് കൺവീനർ ആയി ശ്രീമതി ശശികല എസ് പ്രവർത്തിച്ചുവരുന്നു.എല്ലാ വെള്ളിയാഴ്ചകളിലും കൺവീനറുടെ മേൽനോട്ടത്തിൽ
ക്ലബ്ബ് അംഗങ്ങൾ കൂടി വരുന്നു.



## നല്ല പാഠം പദ്ധതി

മലയാള മനോരമയോട് ചേർന്നുള്ള നല്ല പാഠം പദ്ധതി സ്കൂളിൽകാര്യക്ഷമമായിപ്രവർത്തിച്ചുവരുന്നു.കഴിഞ്ഞവർഷത്തെപ്രവർത്തനങ്ങളുടെ അംഗീകാരമായി,എ-പ്ലസ്ഗ്രേഡ് സർട്ടിഫിക്കറ്റും 7500 രൂപ ക്യാഷ് അവാർഡും നേടിയെടുക്കാൻ സാധിച്ചു കോർഡിനേറ്റർമാരായി ശ്രീ ഡോ. ജോബിൻ റ്റി ജോണി, ശ്രീമതി അന്ന മാത്യു, ശ്രീമതി ബെറ്റ്സി കെ ഉമ്മൻ എന്നിവർ പ്രവർത്തിക്കുന്നു.



## ഇക്കോ ക്ലബ്ബ്

ദേശീയ ഹരിതസേനയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇക്കോ ക്ലബ്ബിൽ 25 പേർ പ്രവർത്തിക്കുന്നു പ്രകൃതി സംരക്ഷണവിഷയത്തിൽ രചനാമത്സരങ്ങൾ,പ്ലാസ്റ്റിക് വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തി.ശ്രീ എബി വർഗീസ് ശ്രീമതി സിത്താര പുഷ്പൻ ശ്രീമതി ജെസി വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകുന്നു.




## ഹെൽത്ത് ക്ലബ്

കുട്ടികളുടെ ആരോഗ്യപരമായ കാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ വേണ്ടി ഹെൽത്ത് ക്ലബ് പ്രവർത്തിക്കുന്നു.പ്രതിരോധ കുത്തിവെപ്പുകൾ,അയൺ ടാബ്



ലറ്റ് വിതരണം തുടങ്ങിയവ നൽകുന്നു.ശ്രീമതിമാരായ നൈമിഷ ഏബ്രഹാം,മോൾസി തോമസ്,സോജി പി തങ്കച്ചൻ തുടങ്ങിയവർ കൺവീനർമാരായി പ്രവർത്തിക്കുന്നു.

## വിവിധ ക്ലബ്ബുകൾ

സ്കൂളിന്റെ സർവതോന്മുഖമായ വളർച്ചയ്ക്ക് വിവിധ ക്ലബ്ബുകൾ സഹായിക്കുന്നു

Tourism Club
Literary &Arts Club
Health Club
Mathematics Club
Science Club
IT Club

## ആഘോഷങ്ങൾ

### വായനദിനം

ഓണാഘോഷപരിപാടികൾ,വായനാദിനം,അധ്യാപകദിനം,സ്വാതന്ത്ര്യദിനം,ക്രിസ്തുമസ്എന്നിവ സമുചിതമായി കൊണ്ടാടി.




വായനദിനം



ഓണാഘോഷം



ഓണാഘോഷം



ഓണാഘോഷം



ക്രിസ്തുമസ്



ക്രിസ്തുമസ്

## പ്രതിഭാ സംഗമം

മാർച്ച് മാസത്തിൽ നടന്ന എസ്എസ്എൽസി,പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടികളെഅനുമോദിക്കുകയും ട്രോഫികൾ വിതരണം





ചെയ്യുകയും ചെയ്തു.സ്കൂൾ മാനേജർ റവ.മാത്യു സ്കറിയ അധ്യക്ഷതവഹിച്ച മീറ്റിംഗിൽ പത്തനംതിട്ട പോലീസ് സൂപ്രണ്ട് ജയദേവ് ജി ഐപിഎസ് മുഖ്യപ്രഭാഷണം നടത്തി.

## സ്കോളർഷിപ്പ്

എബി ജോഷ്വാ എൻഡോവ്മെന്റ് ,പി ടി എ സ്കോളർഷിപ്പ് എന്നിവ സാമ്പത്തികഭദ്രത കുറഞ്ഞവരും എന്നാൽ പഠനരംഗത്ത് ഉന്നതനിലവാരം പുലർത്തുന്നതുമായ കുട്ടികൾക്ക് നൽകിവരുന്നു.കൂടാതെ യൂണിഫോം,പഠന ഉപകരണങ്ങൾ,ചികിത്സാ സഹായങ്ങൾ എന്നിവയും നൽകുന്നു.

## ഐടി മേള



ഉപജില്ല ,ജില്ല ഐടി മേളകളിൽ പങ്കെടുത്തു ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കാൻ സ്കൂളിന് കഴിഞ്ഞു.കുന്നംകുളത്ത് വച്ച് നടന്ന സംസ്ഥാന ഐ ടി മേളയിൽ പങ്കെടുത്ത് മാസ്റ്റർ ഇവാൻ പുന്നൻ ജേക്കബ് ഉന്നത വിജയം നേടി.

## ജൈവ പച്ചക്കറി കൃഷി



കൃഷിഭവനുമായി ബന്ധപ്പെട്ട് യുപിസ്കൂളിൽമികച്ചജൈവകൃഷി നടത്തിവരുന്നു.



## പാഠം ഒന്ന് പാടത്തേക്ക്



കാർഷിക സംസ്കാരത്തെ വീണ്ടെടുക്കുന്നതിന്റെ ഭാഗമായി കരനെൽ കൃഷിക്ക് തുടക്കം കുറിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പും പഴവങ്ങാടി കൃഷിഭവനും

ചേർന്ന്പാഠംഒന്ന്പാടത്തേക്ക്എന്നപദ്ധതിക്ക്തുടക്കംകുറിച്ചു.പഴവങ്ങാടിപഞ്ച ായത്ത് പ്രസിഡൻറ് ശ്രീ ജോസഫ് കുര്യാക്കോസ് അധ്യക്ഷത വഹിച്ചു.

## നൈതിക പദ്ധതി

ഭരണഘടനയുടെ എഴുപതാം വാർഷിക





നിറവ്

SCHSS RANNY

ആഘോഷവുമായിബന്ധപ്പെട്ട്കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് കുട്ടികളെക്കൊണ്ട് ഭരണഘടന തയ്യാറാക്കുന്ന പദ്ധതി നടത്തി.

## ഗണിത ശാസ്ത്രമേള

ഉപജില്ല ജില്ല ഗണിത ശാസ്ത്രമേളയിൽ ഉന്നത വിജയം നേടാൻ സ്കൂളിന് കഴിഞ്ഞു.പ്യൂർ കൺസ്ട്രക്ഷനിൽ സംസ്ഥാനതലത്തിൽ മത്സരിച്ച്മാസ്റ്റർ അഭിഷേക് റെജി എഗ്രേഡ്കരസ്ഥമാക്കി.





## വിനോദയാത്ര

ഈവർഷവുംയുപി,ഹൈസ്കൂൾ,ഹയർസെക്കൻഡറി വിഭാഗങ്ങളിൽ വിദ്യാർത്ഥികൾക്കായി വിനോദയാത്രസംഘടിപ്പിച്ചു.കൺവീനർമാരായ എച്ച്എസ്എസ്,എച്ച്എസ്,യുപിവിഭാഗങ്ങളിലായി ശ്രീ സജി അലക്സാണ്ടർ,ശ്രീമതി അനി മാത്യു, ശ്രീജോൺസൺഫിലിപ്പ് എന്നിവർ പ്രവർത്തിക്കുന്നു.







## സ്കൂൾ പൗൾട്രി ക്ലബ്ബ്

പഴവങ്ങാടി പഞ്ചായത്തിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും നേതൃത്വത്തിൽ തിരഞ്ഞെടുത്ത 50 കുട്ടികൾക്ക് സൗജന്യമായി കോഴികുഞ്ഞ്,കോഴിത്തീറ്റ,മരുന്ന്എന്നിവ നൽകി.ഇതിന്റെ ഉദ്ഘാടനം പഴവങ്ങാടി ഗ്രാമപഞ്ചായത്ത്പ്രസിഡണ്ട് ജോസഫ് കുര്യാക്കോസ് നിർവഹിച്ചു.



## പ്രവൃത്തിപരിചയമേള



പ്രവൃത്തി പരിചയ മേളയിൽ നമ്മുടെ സ്കൂൾ,യുപി,ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങളിൽ ഉപജില്ലയിൽ ഒന്നാം സ്ഥാനം നേടി ജില്ലാതലമത്സരങ്ങളിൽ പങ്കെടുത്തു.



## സാമൂഹ്യശാസ്ത്രമേള

സാമൂഹ്യശാസ്ത്രമേളയിൽ ഉപജില്ലയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി.ഹയർ സെക്കൻഡറി വിഭാഗത്തിൽ Ashwin Chand P S ഉം Sangeeth Varghese Mathew വുംStill Model ൽ സംസ്ഥാനതലത്തിൽ എ ഗ്രേഡ് നേടി.



## അനുമോദനങ്ങൾ



സംസ്കൃത ദിനാചരണത്തോടനുബന്ധിച്ച് കേരളത്തിലെ സംസ്കൃത അധ്യാപകർക്കായി നടത്തിയ മത്സരത്തിൽ ശ്രീ ജയകുമാര ശർമ സംസ്ഥാന തലത്തിൽ സമസ്യാപൂരണത്തിന് രണ്ടാം സ്ഥാനം നേടി അനുമോദനത്തിന് അർഹനായി.



സ്റ്റുഡന്റ് പോലീസ് കേഡറ്റ് എ സി പി ഒ ആയി പത്തുവർഷം പൂർത്തീകരിച്ച ശ്രീമതി സൂസൻ സാമിനെ തിരുവനന്തപുരത്ത് വച്ച് നടന്ന മീറ്റിംഗിൽ എസ് പി സി സ്റ്റേറ്റ് നോഡൽ ഓഫീസർ ശ്രീ വിജയൻ ഐപിഎസ് അവാർഡ് നൽകി ആദരിച്ചു.

## കുരുന്നു കരങ്ങൾ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് തങ്ങളുടെ സമ്പാദ്യകുടുക്ക ജില്ലാ കളക്ടറെ ഏൽപ്പിച്ച് പ്രശംസ പിടിച്ചുപറ്റിയ
ഈ സ്കൂളിലെ ആറാം ക്ലാസ് വിദ്യാർത്ഥി
അബിൻ സുരേഷിനെ അനുമോദിച്ചു.





## നേട്ടങ്ങൾ

9/1/2020 ൽ വിവിധ ഗവൺമെൻറ് വകുപ്പുകളുടെയും ജില്ല ഭരണകൂടത്തിന്റെയും Musliyar എൻജിനീയറിങ് കോളേജിന്റെയും ആഭിമുഖ്യത്തിൽ ജില്ലാതലത്തിൽ നടത്തിയ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള IDEA PRESENTATION വിഭാഗത്തിൽ +1 HUMANITIES വിദ്യാർത്ഥിനി കുമാരി ഹന്നാ സിസി ഷാജി 4000 രൂപ ക്യാഷ് അവാർഡോടു കൂടി രണ്ടാം സ്ഥാനം കരസ്ഥമാക്കി.ലീഗൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 7 /2/2019 ൽ പത്തനംതിട്ടയിൽ വച്ച് നടത്തപ്പെട്ട ജില്ലാതല ലീഗൽ സ്റ്റഡീസ് ക്വിസ് മത്സരത്തിൽ +2 ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുമാരി സോനാ അച്ചു സജു, മാസ്റ്റർ അജയ് മോൻ ജെ, മാസ്റ്റർ ക്രിസ്റ്റഫർ സുജോയ് തോമസ് എന്നിവർ രണ്ടാം സ്ഥാനത്തോടുകൂടി 4000 രൂപ ക്യാഷ് അവാർഡും

സർട്ടിഫിക്കറ്റും നേടി.എക്സൈസ് വകുപ്പ് നടത്തിയ വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് ജിൻസി ഏബ്രഹാം,റിയ അന്ന വിനോദ്,എൽന ആൻ തോമസ് എന്നിവർ ക്യാഷ് അവാർഡ് നേടി.
ഉപജില്ല ജില്ലാ സംസ്ഥാന കായികമേളകളിൽ പങ്കെടുത്ത് നേട്ടങ്ങൾ കൈവരിക്കാൻ സ്കൂളിന് കഴിഞ്ഞു.ഹയർ സെക്കണ്ടറി വിഭാഗത്തിൽ Ribin M Biju അത്‌ലറ്റിസിൽ സംസ്ഥാന തലത്തിൽ മത്സരിച്ച് സ്കൂളിന്റെ അഭിമാനമായി.

## കൗൺസിലിംഗ് ക്ലാസുകൾ



കുട്ടികളിലെ മാനസിക പിരിമുറുക്കം,പരീക്ഷാ പേടി മറ്റ് പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം കാണുന്നതിനു വേണ്ടി കൗൺസിലിംഗ് ക്ലാസുകൾ നടത്തപ്പെടുന്നു.

## യുവ മാസ്റ്റർ മൈൻഡ് ശാസ്ത്രസാങ്കേതിക മത്സരം





കൊച്ചി കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന മാസ്റ്റർ മൈൻഡ് ശാസ്ത്രസാങ്കേതിക മത്സരത്തിൽ ഈ സ്കൂളിലെ Rahul Raj, Milan Chacko, Rijo Varghese, Rinto Varghese എന്നിവർ പങ്കെടുത്തു.കാലക്രമേണ ഉൽപാദനക്ഷമത കുറയുന്നതുൾപ്പെടെയുള്ള സോളാർ സെല്ലിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു പുത്തൻ ഡിസൈനുമായി എത്തിയ സ്കൂൾ സവിശേഷ



ശ്രദ്ധ നേടി.2500 അപേക്ഷകളിൽ നിന്ന് തിരഞ്ഞെടുത്ത 52 പ്രോജറ്റുകളിൽ ഒന്നു നമ്മുടേതായത് അഭിനന്ദനാർഹമാണ്. വിക്രം സാരാഭായ് സ്പെസയ്സ് സെന്റർ പ്രോജക്റ്റ് ഡയറക്ടർ ശ്രീ സോമനാഥൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഡോ ജോബിൻ റ്റി ജോണി നേതൃത്വം നൽകി.

## യുവജനോത്സവവും സംസ്കൃതോത്സവവും



റാന്നി പെരുനാട് ഹൈസ്കൂളിൽ വച്ച് നടന്ന ഉപജില്ലാകലോത്സവത്തിലുംസംസ്കൃതോത്സവത്തിലും എച്ച് എസ് എസ്, എച്ച് എസ്,യുപി വിഭാഗങ്ങളിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കാൻ സ്കൂളിന് കഴിഞ്ഞു.റാന്നി എം എസ് സ്കൂളിൽ വച്ച് നടന്ന ജില്ലാ കലോത്സവത്തിൽ എച്ച് എസ് എസ് വിഭാഗത്തിന് യുവജനോത്സവത്തിൽ മൂന്നാംസ്ഥാനവും ഹൈസ്കൂൾ,യുപി സംസ്കൃതോത്സവത്തിന് റണ്ണറപ്പ് കിരീടവും കരസ്ഥമാക്കാൻകഴിഞ്ഞു.



-

## വിദ്യാലയം പ്രതിഭകൾക്കൊപ്പം







വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച സ്കൂളിന് സമീപത്തുള്ള പ്രതിഭകളെ ആദരിക്കുന്നതിന്റെ ഭാഗമായി ഈ സ്കൂൾ പൂർവവിദ്യാർത്ഥിയും ഈ സ്കൂളിലെ മുൻ ഹെഡ്മാസ്റ്ററും അറിയപ്പെടുന്ന സാഹിത്യകാരനും ദേശീയ അധ്യാപക അവാർഡ് ജേതാവുമായ ശ്രീ സി.ജെ ഈശോ സാറിനെയും ഈ സ്കൂളിലെ മുൻ സംഗീത അധ്യാപകനും കലാരംഗത്ത് പ്രതിഭ തെളിയിച്ച വ്യക്തിയുമായ ശ്രീ റ്റി എസ് സൈമൺ സാറിനെയും ആദരിച്ചു.

## ഭാരത് ദർശൻ





നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട N S S Volunteers ഉം Programme Officers ഉം ഒന്നിച്ച് ഒരേമനസ്സോടെ ഒരു യാത്ര സംഘടിപ്പിച്ചു.'നാനാത്വത്തിൽ ഏകത്വം' എന്നതിനാൽ പ്രസിദ്ധമായ നമ്മുടെ ഭാരതത്തെ അനുഭവങ്ങളിലൂടെ ദർശിക്കുക എന്ന ലക്ഷ്യത്തോടെയുള്ള യാത്രയിൽ പത്തനംതിട്ട ജില്ലയെ പ്രതിനിധീകരിച്ച് റാന്നി എസ് സി എച്ച് എസ് എസിൽ നിന്നും

Volunteers ആയ Hanna Cissy Shaji യും Mirium Achu Rony യും പങ്കെടുക്കുകയും യാത്രാനുഭവങ്ങൾ സ്കൂളിൽ പങ്കുവയ്ക്കുകയും ചെയ്തു.

## ഉപജീവനം



ജീവിതത്തിൽ ഉപജീവനം ഇല്ലാതെ വഴിമുട്ടി നിന്ന സ്കൂൾ വിദ്യാർത്ഥിയെ കണ്ടെത്തി ജീവിതമാർഗ്ഗമായി അധ്യാപകർ ആടിനെ വിദ്യാർത്ഥിയുടെ കുടുംബത്തിന് കൈമാറി.

## സംസ്ഥാന തല വിജയികൾ

### ഹയർസെക്കൻഡറി വിഭാഗം.:

കഥകളി ഗ്രൂപ്പ് - അപർണ്ണ പ്രസാദ് (A GRADE)
നേഹാ സൂസൻ മാത്യു

കൂടിയാട്ടം - കീർത്തി എസ് പ്രസാദ് (A GRADE)
ശ്രീലക്ഷ്മി നായർ,
ഐശ്വര്യ സതീഷ്
അൻസിയ പി ശ്യാം
അനീറ്റ കെ ഫിലിപ്പോസ്
ആൻ തോമസ്
ജോബി അന്ന ബിനോയ്

കാവ്യകേളി - അഖില അജി

ഇംഗ്ലീഷ് റെസിറ്റേഷൻ – ഡെല്ല മാത്യു(3rd A GRADE)

സംസ്കൃതം പ്രസംഗം - നന്ദന എസ് നായർ

കഥകളി സിംഗിൾ – അപർണ പ്രസാദ്(A GRADE)

### ഹൈസ്കൂൾ വിഭാഗം:

| | |
|---|---|
| പാഠകം - | അക്ഷയ അജി (1st A GRADE) |
| കാവ്യകേളി - | അക്ഷയ അജി (3rd A GRADE) |
| പാഠകം - | കശ്യപ് ദയാൽ(A GRADE) |
| ഓട്ടൻതുള്ളൽ – | കശ്യപ് ദയാൽ (A GRADE) |
| അഷ്ടപതി - | പി യു രവികൃഷ്ണൻ (A GRADE) |
| അക്ഷരശ്ലോകം - | പി യു രവികൃഷ്ണൻ (A GRADE) |
| കഥകളി ഗ്രൂപ്പ് - | ആർഷ സന്തോഷ് (A GRADE)<br>നളിൻ കല്യാണി<br>ശ്രീലക്ഷ്മി സതീഷ് |
| വന്ദേമാതരം - | അൻബ്രിയ ആൻ മാത്യു(A GRADE)<br>ക്രിസ്‌ലിൻ തങ്കം ജോൺസൻ<br>അനീഷ ടി എസ്<br>പാർവതി എ<br>ആർഷ രാജീവ് |
| | അമൃത അനിൽ കുമാർ<br>മേഘ മേരി ഡാനിയേൽ<br>പ്രിയങ്ക ടി ആർ<br>ശ്രീലക്ഷ്മി സതീഷ്<br>പാർവതി രാധാകൃഷ്ണൻ<br>രാധിക ബാബു |
| സംസ്കൃതം കഥാരചന – | റോജ സുനിൽ (B GRADE) |

യു പി വിഭാഗത്തിൽ ദേവനന്ദ എ ആർ,അഭിനന്ദ് സിനു എന്നീ കുട്ടികൾ വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് ഉന്നത വിജയം നേടിജനറൽ കൺവീനർ ആയി പി ജയകുമാര ശർമ്മയും എച്ച്എസ്എസ്,എച്ച് എസ്,യുപി കൺവീനർമാരായി ശ്രീ ജോർജ്ജ് വർഗീസ്,ശ്രീമതി ഏലിയാമ്മ മാത്യു,ശ്രീമതി ബെറ്റ്സി കെ ഉമ്മൻ എന്നിവരും ജോയിന്റ് കൺവീനർമാരായി ശ്രീമതി കവിത പോൾ, ശ്രീമതി ബിൻസി തോമസ്,ശ്രീ ജോൺസൺ ഫിലിപ്പ് എന്നിവരും സംസ്കൃതോത്സവം കൺവീനർമാരായി ശ്രീമതി ശശികല എസ്, ശ്രീമതി ജയ എം,ശ്രീമതി ഷൈനി ടി ജോർജ് എന്നിവരും പ്രവർത്തിച്ചു.

വിരമിക്കുന്ന അധ്യാപകർ




ഹയർസെക്കൻഡറി വിഭാഗം മലയാളം അധ്യാപിക ശ്രീമതി ഷെർളി വർഗീസ് ,ഹൈസ്കൂൾ വിഭാഗം സംസ്കൃത അധ്യാപകൻ ശ്രീ പി ജയകുമാര ശർമ്മ,ഹൈസ്കൂൾ വിഭാഗം ഗണിതശാസ്ത്ര അധ്യാപിക ശ്രീമതി ജയമോൾ ജോർജ്ജ് എന്നിവർ ഈ വർഷം സജീവ സേവനത്തിൽനിന്ന് വിരമിക്കുന്നു.എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പ്രവർത്തിക്കുകയും കുഞ്ഞുങ്ങളെ അറിവിന്റെ വെളിച്ചത്തിലേക്ക നയിക്കുകയും സ്കൂളിന്റെ പേരും പ്രശസ്തിയും ഉയർത്തുന്നതിന് മുൻപന്തിയിൽ നിൽക്കുകയും ചെയ്ത ഈ പ്രിയ അധ്യാപകരുടെ സേവനങ്ങൾ നന്ദിയോടെ സ്മരിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു.

<u>A+ Winners in Public Exam 2018</u>

S S L C
- Anjana T Manoj
- Aparna L
- Christina George
- Justy Maria Georgee
- Miriam Achu Rony
- Della Mathew
- Haleena Elizabeth Tony
- Hanna Cissy Shaji
- Ibin Sunny Mathew
- Nancy Reji
- Navya Nandanan
- Prajith Pradeep




*നിറവ്*

*SCHSS RANNY*

## ഉപസംഹാരം

ഒരു അധ്യയനവർഷത്തിന്റെ അവസാനത്തോട് അടുക്കുമ്പോൾ വരും തലമുറയുടെ വിദ്യാഭ്യാസ ദൗത്യം ഏറ്റെടുത്ത പൂർവ്വപിതാക്കന്മാരുടെ ദീർഘവീക്ഷണം സഫലമാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നും വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നും വിലയിരുത്താനുള്ള അവസരം ആണ്.കുറവുകൾ പരിഹരിക്കുവാനും നൂറാം വർഷത്തിൽ പരിപൂർണ്ണസമർപ്പണത്തോടെപ്രവർത്തിക്കുവാനുംഏവരുടേയും പ്രാർത്ഥനയും സഹായസഹകരണവും ആവശ്യമാണ്. ഇതുവരെയും സ്കൂളിന്റെ അഭ്യുദയകാംക്ഷികൾ ആയി പ്രവർത്തിച്ച ഏവരോടും ഉള്ള നന്ദി അറിയിക്കുന്നു.

## തത്തമ്മ



കിന്നാരം ചൊല്ലുന്ന തത്തേ നിന്റെ
ചുണ്ടിലെ ശൃംഗാരം അരുതന്നു
നെല്ലരിപാടത്ത് കൊയ്ത്തിനു പോയപ്പോൾ
സിന്ദൂരം തേച്ചതോ നിന്റെ ചുണ്ടിൽ

അങ്ങങ്ങു ദൂരത്ത് ആ മലക്കപ്പുറം
ഞാവൽ മരത്തിന്റെ നാട്ടിലങ്ങ്
ഞാവൽപ്പഴം കൊത്തിതിന്നപ്പോൾ
ഞാവൽപ്പഴത്തിന്റെ ചാറോ ചുണ്ടിൽ

വെള്ളിച്ചിലങ്ക വാങ്ങിയോ നീ
സിന്ദൂരച്ചെപ്പു തുറന്നോ നീയേ...
സിന്ദൂരം പൂശിയോ നിന്റെ ചുണ്ടിൽ
പിന്നെയും യാത്ര തുടർന്നോ നീയേ....
ദിക്കുകളൊക്കെയും കണ്ടോ നീയേ...

ദിക്കുകളൊക്കെയും കുറിച്ചുവച്ചോ..
ഒത്തിരിയുണ്ടേ ചോദിക്കുവാൻ
ഇത്തിരി നേരം ഇരിക്കാമോ നീ...
ഇത്തിരി നേരം ഇരുന്നാലെ ...
ഞാൻ ഒത്തിരികാര്യം ചോദിക്കാം

ജോസിന അന്ന ബിനോയ്
9 എ

## -പ്രബന്ധം-

സാങ്കേതിക വിദ്യാകാലത്തെ സാഹിത്യം-




### ആമുഖം

ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ ഈ വിവരസാങ്കേതിക വിപ്ലവകാലഘട്ടത്തിൽ ഏറെ പ്രസക്തമായ ഒരു വിഷയം തന്നെയാണ് "സാങ്കേതിക വിദ്യാകാലത്തെ സാഹിത്യം" മലയാള സാഹിത്യത്തിന്റെ വികാസത്തിൽ മാധ്യമങ്ങൾ വഹിച്ച പങ്ക് ഏറെ വലുതാണ് സൈബർ മാധ്യമങ്ങളുടെ വരവ് സമൂഹ മാധ്യമം എന്ന സങ്കൽപ്പത്തിന്റെ രൂപകല്പനയിലും ഭാഷാസാഹിത്യവിവഹാരങ്ങളിലും വിപ്ലവാത്മകമായ മാറ്റത്തിന് തുടക്കം കുറിക്കുകയാണുണ്ടായത്.1678 ൽ അച്ചടി മാധ്യമങ്ങളിലേക്കു കടന്ന മലയാള സാഹിത്യം 1939 ൽ റേഡിയോയിലേക്കും 1997 ൽ സൈബർ മാധ്യമങ്ങളിലേക്കും എത്തിനിൽക്കുന്നു

### നിർവചനം

എന്താണ് സാങ്കേതികവിദ്യാകാലത്തെ സാഹിത്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ?

വിവരസാങ്കേതിക വിദ്യ ഏറെ കുതിച്ചുചാട്ടങ്ങൾ എല്ലാ തലങ്ങളിലും നടത്തികൊണ്ടിരിക്കുന്ന കാലഘട്ടമാണിത്.ശാസ്ത്രം,ബഹിരാകാശഗവേഷണം,കാർഷികരംഗം,ആരോഗ്യം തുടങ്ങിയ മേഖലകളിലെല്ലാം കൈവരിച്ച നേട്ടങ്ങളിൽ മുഖ്യ പങ്കുവിവരസാങ്കേതികവിദ്യക്കുണ്ട്.സാഹിത്യ മേഖലയും ഇതിൽ നിന്ന് വ്യത്യസ്തമല്ല.വിക്കിപീഡിയ,ഫെയ്സ്ബുക്ക് തുടങ്ങിയ സൈബർ

മാധ്യമങ്ങൾ സമാന്തര ഭാഷാസാഹിത്യ പ്രവർത്തനമാണ് നടത്തുന്നത് .കമ്പ്യൂട്ടർ സാങ്കേതിക വിദ്യ വശമുള്ള ഏതൊരു വ്യക്തിയും അവരുടേതായ സൈബർ ഇടം നൽകുന്ന ഇവ മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയിൽ പ്രധാന പങ്ക് വഹികഭാഷയും സാഹിത്യവും സജീവമായി ഇടപെടലുകൾ നടത്തുന്ന രണ്ട് സൈബർ മാധ്യമങ്ങളാണ് വിക്കിപീഡിയയും,ഫെയ്സ്ബുക്കും.ചെറുസാഹിത്യ കൂട്ടായ്മകൾ മുതൽ വിശാലാർത്ഥത്തിൽ പല ഭാഷാ സംസ്കാരങ്ങളെ ഉൾക്കൊള്ളുന്ന വിശാലകൂട്ടായ്മകൾ ഈ മാധ്യമങ്ങളിൽ സജീവമായി നിലനിൽക്കുന്നു.ഇവ മുഖേന സാധാരണക്കാർക്കും തുടക്കക്കാർക്കും തങ്ങളുടെ സൃഷ്ടികൾ ആസ്വാദകർക്ക് മുൻപിൽ എത്തിക്കാനുള്ള മികച്ച അവസരങ്ങളാണ് സൈബർ മാധ്യമങ്ങൾ നൽകുന്നത്.സൈബർ മാധ്യമങ്ങൾ നൽകുന്ന സാങ്കേതിക സാധ്യതകൾ സാഹിത്യരംഗത്ത് പൊതുവെ നിലനിന്നിരുന്ന പ്രവണതകളെ ഘടനപരമായി മാറ്റിയിട്ടുണ്ട് എന്നത് തർക്കമറ്റ കാര്യമാണ് .എഴുത്തു ഭാഷയിലും എഴുത്തു രീതിയിലും വായനാനുഭവങ്ങളിലും ധാരാളം മാറ്റങ്ങൾ ഇതു മുഖേന വന്നിട്ടുണ്ട്.സാധാരണകാർക്കുപോലും തങ്ങളുടെ സൃഷ്ടികളെ സ്വതന്ത്രമായി വായനക്കാരുടെ മുന്നിലെത്തിക്കാൻ സൈബർ മാധ്യമങ്ങൾ മുഖേന സാധിക്കുന്നു

## ഇന്നത്തെ പ്രസക്തി

ആധുനികമനുഷ്യന്റെ ദൈനദിന ജീവിതത്തിൽ നിന്നും ഒഴിച്ചുനിർത്താൻ കഴിയാത്തത്ര സ്ഥാനം സൈബർ മാധ്യമങ്ങൾക്കുണ്ട്.സമയവും കാലവും തമ്മിലുള്ള സങ്കല്പബോധങ്ങളെ കൈപ്പിടിയിലൊതുക്കാൻ നൂതന മാധ്യമങ്ങൾ വഴികഴിയുന്ന സൈബർ മാധ്യമങ്ങൾ സമാന്തര സാഹിത്യ പ്രവർത്തനമാണ് നടത്തുന്നത് .കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ പ്രാഥമിക വശങ്ങൾ അറിയാവുന്ന ഏതൊരു വ്യക്തിക്കും അവരുടേതായ ഒരു ഇടം നൽകുന്ന ഇവ മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയിൽ പ്രധാന പങ്കുവഹിക്കുന്നു.അതിലൂടെ മലയാള ഭാഷയും സാഹിത്യവും സൈബർ മാധ്യമങ്ങളുടെ ജനകീയതയുടെ ചുവടുപിടിച്ച് അനുനിനിഷം വികസിച്ചുകൊണ്ടിരിക്കുന്നു

വിവരസാങ്കേതിക വിദ്യ വായന രീതിയിൽ വരുത്തിയ വലിയൊരു മാറ്റമാണ് ഇ-വായന .അച്ചടി പുസ്തകങ്ങളുടെ സ്ഥാനത്ത് ഇ-ബുക്ക് റീഡർ വായനയുടെ വിശാല ലോകത്തേക്ക് നമ്മെ എത്തിക്കുന്നു.1984 ൽ വില്യം ഗിബ്സൺ 'ന്യൂറോമാൻഡർ' എന്ന നോവലിലൂടെ സൈബർസ്പേസ് ഇന്ന് ഏവർക്കും സുപരിചിതമാണ്.സൈബർ സ്പേസിലെ ഏറ്റവും സ്വാധീനമുള്ള അംഗമാകാൻ കഴിയുകയെന്നത്,വരുംകാലത്ത് ഭാഷയുടെയും സാഹിത്യത്തിന്റെയും ഭാവി നിർണ്ണയിക്കുന്ന ഘടകമാണ്

*നിറവ്*

***SCHSS RANNY***

വീക്കിപീഡിയ,ഫെയ്സ്ബുക്ക് ഇവ കൂടാതെ വെബ്മാഗസിൻ,ട്വിറ്റർ,ഡിജിറ്റൽ ലൈബ്രറി,ഓൺലൈൻ പത്രം,ഇ-ബുക്ക്,ഇ-നിഘണ്ടു തുടങ്ങിയ സൈബർ ലോകത്തെ പുതുസങ്കേതങ്ങൾ ഭാഷാസാഹിത്യമേഖലയിൽ നിർണ്ണായക പങ്കു വഹിക്കുന്നു

കാലത്തിനനുസരിച്ച് മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നവയാണ് സൈബർ മാധ്യമങ്ങൾ .ഇന്ന് നിലനിൽക്കുന്നവ നാളെ ഉണ്ടാവണമെന്നില്ല.പുതിയവ അനുദിനം കൂട്ടിച്ചേർക്കലുകൾ നടന്നുകൊണ്ടിരിക്കുന്നു.ഒരോ നിമിഷത്തിലും പുതിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു

## ഉപസംഹാരം

സാങ്കേതിക വിദ്യയുടെ ചുവടുപിടിച്ച് സാഹിത്യ മേഖല ഏറെ മുന്നോട്ടു പോയി എന്നത് തർക്കമറ്റ കാര്യമാണ് .വായനയുടെ വിശാല ലോകത്തേക്ക് സാധാരണക്കാരനെ കൊണ്ടെത്തിക്കാൻ സൈബർ മാധ്യമങ്ങൾക്ക് സാധിച്ചിട്ടുണ്ട്.എങ്കിലും,ആഴത്തിലുള്ള പുസ്തകവായനയുടെ പ്രസക്തി ഇന്ന് എത്രമാത്രമാണുള്ളത് എന്നത് പഠനവിധേയമാക്കേണ്ട വിഷയം ആണെന്നാണ് എന്റെ അഭിപ്രായം

## അനുബന്ധം

സുനിത ടിവിയുടെ "സൈബർ മലയാളം"വി കെ ആദർശിന്റെ 'ഇനി വായന, ഇ-വായന' ഡോ.ജോസ് കെ നാനുവലിന്റെ 'നവമാധ്യമങ്ങൾ ഭാഷ,സാഹിത്യം,സംസ്കാരം',ദിനപത്രങ്ങൾ.

ശ്രീ കിരൺ എ

8 സി

## സ്വാതന്ത്ര്യത്തിൻ കണ്ണീർപ്പുലരി



രണ്ടായിരത്തിപ്പതിനെട്ട് സ്വാതന്ത്ര്യ
ദിനം പുലർന്നതോ പ്രളയത്തിൽ

സ്വാതന്ത്ര്യപ്പുലരിയിൽ മാനുഷരു-
ണർന്നതോ മുട്ടോളം മുട്ടറ്റം
വെള്ളത്തിൽ

ഭവനങ്ങൾ  നിറഞ്ഞു കവിഞ്ഞു
ജലത്താൽ
ക്യാമ്പുകൾ നിറഞ്ഞു കവിഞ്ഞു
മനുജരാൽ
മാനുജന്മാരുടെ മോഹങ്ങളൊന്നും
നടക്കാതെ പോയൊരാ ക്യാമ്പുകാലം
ജാതീമതവർഗ്ഗവിവേചനമില്ലാതെ
നരരായ് ജനിച്ചവരൊന്നിച്ചു കൂടി
ദൈവത്തിന്റെ സ്വന്തം നാട്ടിൽ മനുജരുടെ
അഹന്ത കുറയ്ക്കുവാൻ പ്രളയമാണ്
ശാശ്വതം
സംഹാരരൗദ്ര താണ്ഡവമാടിയ പ്രളയത്തിൻ
ദുർമുഖം നാം കണ്ടു
ഓംകാരനടനവും താണ്ഡവവുമാടിയ
കേരളനദികൾ സംഹാരരുദ്രയായി
സുമുഖികളായൊരു കേരളനദികൾ
ദുർമുഖരായപ്പോൾ ജീവകണങ്ങൾ ഭയന്നു

നിരഞ്ജൻ പ്രഹ്ളാദ്

**പഴയകാലത്ത് നായാട്ടുകാർ ജീവികളെ വിളിച്ചിരുന്ന ഇരട്ടപേരുകൾ അല്ലെങ്കിൽ വിളിപ്പേരുകൾ**

കുറുക്കൻ – ആട്ടിക്കടിയൻ

ഉടുമ്പ് - മകുഴിമാൻ

പശു - കൊമ്പുകുളമ്പൻ

കീരി - പെരുവാലൻ

കുരാൻ – ചെറുകുളമ്പൻ

മാൻ – വല്ലപ്പോത്ത്

മുള്ളൻപന്നി - കല്ലടക്കൊറ്റൻ

മെരു - ഓമനക്കൊടിയൻ

ചേര – എഴുത്താണിവാലൻ

പാമ്പ് - ഊത്തിനു വായ്പ്പിടിയൻ

നിരഞ്ജൻ പ്രഹ്ളാദ്

8 സി

## ART GALLERY



AMAL




PRAVEEN
















Aleena

Siril







**ചിലങ്ക**




ചലിക്കുമ്പോൾ ചിലക്കുന്ന
ചിലങ്കകളെ നീ നാട്യ
ശാസ്ത്രത്തെ പ്രണയിച്ചുവോ

നിത്യം നീ നടരാജ വിഗ്രഹത്തിൻ
പാദങ്ങൾ നീ
അലങ്കരിച്ചു

ഭരതമുനി നാട്ട്യ
ശാസ്ത്രം രചിച്ചപ്പോൾ
നിന്റെ മനസ്സൊരു
പൂങ്കുലയായ്

നർത്തകർ കാലിലണിയും
ചില്ലം ചില്ലം സൂത്ര
ധാരി ചിലങ്കേ നിനക്കെന്റെ
പ്രണാമം

## ഒരു ബുദ്ധിപരീക്ഷണ ചോദ്യം

ആറിൽ നിന്ന് ഒന്നെടുത്ത് മൂന്നാക്കി,മൂന്നിൽ നിന്നും രണ്ടെടുത്ത്
നൂറാക്കിയാലെന്തു കിട്ടും?
ഉത്തരം:ചുണ്ണാമ്പ് ( പുഴയിൽ നിന്നും ഒരു കക്കയെടുത്ത് കക്കയെ
പൊളിച്ച് രണ്ടു തോടെടുത്ത് അരച്ചാൽ നൂറാകും.

നിരഞ്ജൻ പ്രഹ്ളാദ്
8 സി

## സാമൂഹികമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ഒരിക്കൽ പോസ്റ്റ് ചെയ്തുപോയ കാര്യങ്ങൾ പിന്നീട് വീണ്ടുവിചാരമുണ്ടാകുമ്പോൾ തിരിച്ചെടുക്കാനാവില്ല.അത് പിൻവലിക്കുന്നതിനു മുൻപുതന്നെ അനേകം പേർ ആ വിവരങ്ങൾ കാണുകയും അവരുടെ കമ്പ്യൂട്ടറിലേക്ക് ഡൗൺലോഡ് ചെയ്യുകയും,പ്രചരിപ്പിക്കുകയും ചെയ്തിരിക്കാം.
- വ്യക്തിപരമായ വിവരങ്ങൾ തികച്ചും സ്വകാര്യമായിത്തന്നെ സൂക്ഷിക്കുക.ആരുതന്നെ നിങ്ങളെ വ്യക്തിപരമായ ചിത്രങ്ങളോ മറ്റു വിവരങ്ങളോ പങ്കുവയ്ക്കാൻ പ്രേരിപ്പിച്ചാലും അതിന് വഴങ്ങാതിരിക്കുക.
- നമ്മുടെ പരിസരത്ത് എന്തെങ്കിലും തരത്തിലുള്ള ദുരന്തം സംഭവിച്ചാൽ,ശരിയെന്ന് ഉറപ്പില്ലാത്തതോ പേടിപ്പെടുത്തുന്നതോ ആയ സന്ദേശങ്ങൾ സാമൂഹികമാധ്യമങ്ങളിൽ കൈമാറാതിരിക്കുക.വ്യാജസന്ദേശങ്ങൾ നിർമിക്കുന്നതും കൈമാറുന്നതും കുറ്റകരമാണ്.വിവിധ മാധ്യമങ്ങളിലൂടെ സർക്കാർ നൽകുന്ന നിർദേശങ്ങൾ കർശനമായും പാലിക്കണം
- അനുചിതമായതോ അപമാനകരമായതോ ആയ പോസ്റ്റുകൾ ഒരാൾ എവിടെയെങ്കിലും പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ഉടനെത്തന്നെ അധ്യാപകരേയോ മുതിർന്നവരെയോ അറിയിക്കാൻ മറക്കരുത്.ഇന്റർനെറ്റ് ദുരുപയോഗപ്പെടുത്തുന്ന ആളുകളെ നിങ്ങളുടെ സുഹൃദ്‌വലയത്തിൽനിന്ന് നീക്കം ചെയ്യുക.
- അശ്ലീലസന്ദേശങ്ങളും ഭീഷണികളും (ബുള്ളിയിങ്)നിയമപരമായി കുറ്റകൃത്യങ്ങളാണ്.ഇത്തരം കൂട്ടുകെട്ടുകളിൽ പങ്കാളികളാകരുത്.
- സൈബർ കുറ്റകൃത്യങ്ങൾ നടത്തുന്നവർക്ക് സ്ഥിരമായി മറഞ്ഞിരിക്കാൻ സാധിക്കില്ല എന്നോർക്കുക.ഈ വലിയ വലയിൽ അവർ തൽക്കാലം ശ്രദ്ധിക്കപ്പെടാതെ പോകുന്നു എന്നു മാത്രമേയുള്ളൂ.പക്ഷേ, ഇത്തരമൊരു പ്രവർത്തനം നടക്കുന്നതായി ആരെങ്കിലും ശ്രദ്ധയിൽ പെടുത്തിയാൽ

*നിറവ്*

സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പോലീസ് വകുപ്പിന് അവ കണ്ടുപിടിക്കാൻ വളരെ എളുപ്പമാണ്.

- സാമൂഹിക മാധ്യമങ്ങളിൽ നിർമിക്കുന്ന പ്രൊഫൈലുകൾ ചിലപ്പോൾ മോഷ്ടിക്കപ്പെട്ടേക്കാം.മറ്റൊരാൾ അയാളുടെ വ്യക്തിത്വം മറച്ചുവയ്ക്കാനുള്ള ഉപായമായി നിങ്ങളുടെ പ്രൊഫൈൽ ഉപയോഗപ്പെടുത്തുന്നതാകാം.ഇത് ഒരാളെഅപകീർത്തിപ്പെടുത്തുന്നതിനു പോലുമാകാം.ഇത്തരമൊരു കാര്യം ശ്രദ്ധയിൽ പെട്ടാൽ ഉടൻത്തന്നെ നിങ്ങളുടെ അധ്യാപകർ വഴി പോലീസിൽ വിവരമറിയിച്ചാൽ അവ നീക്കം ചെയ്യാൻ സാധിക്കും.


## അണിയറയിൽ പ്രവർത്തിച്ചവർ



Members Of Little Kites



## തെങ്ങിലെ തത്തയോട്



പച്ചക്കിളിതത്തേ എന്താണ് ചൊല്ലുന്നേ
തെങ്ങോല തുമ്പിൽ ഇരുന്നു നീയേ
ഒത്തിരി നേരമായി ആരെ വിളിക്കുന്നു
ആരെയും കണ്ടില്ല നിന്നരികിൽ

തെക്കൻ കാറ്റ് ഓടി വരുന്നുണ്ട് തത്തേ
നിന്നെ തെങ്ങോല തുമ്പിലെ..താരാട്ടുവാൻ
പോരുന്നോ തത്തേ നീ ദൂരത്തെപ്പാടത്തെ
തീരത്തെ തേന്മാവിൽ മാമ്പഴമുണ്ണാൻ

അണ്ണാറക്കണ്ണൻ വരുന്നുണ്ട് തത്തേ..
ഈ തേന്മാവിൻ മാമ്പഴ സ്വാദു നോക്കാൻ
വേഗമൊരുങ്ങൂ തത്തേ നമുക്ക് ആ തേന്മാവിൽ
ചുവട്ടിലെത്താൻ...

വാനിലെത്താഴിക ചൂടുമായി എത്തും മുമ്പേ
പോകണ്ടേ ദൂരത്തെ കാട്ടിലേക്ക്....
ഒറ്റക്ക നീ അങ്ങു പോകണ്ടേ തത്തേ
പോരുന്നോ നീ എന്റെ വീട്ടിലേക്ക്...
നല്ലൊരുകൂട്ടു ഞാൻ കൂട്ടിത്തരാം...
നല്ല നെല്ലരിച്ചോറു വിളമ്പിത്തരാം..

ജോസിന അന്ന ബിനോയ്
9 എ

## 134 കോടി ജനങ്ങളുടെ മാതൃദേശമായ ഇന്ത്യൻ റിപ്പബ്ലിക്കിന് 70 വയസ്സ്

സ്കൂൾ റിപ്പബ്ലിക്ക് ദിനാഘോഷം



സ്കൂൾ റിപ്പബ്ലിക്ക് ദിനാഘോഷത്തോടനുബന്ധിച്ച് പതാക ഉയർത്തുകയും ഭരണഘടനയുടെ ആമുഖം വായിക്കുകയും ചെയ്തു.

ഭാരതത്തിന്റെ ഭരണഘടന

ആമുഖം

ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം: സാമൂഹികവും സാമ്പത്തികവും രാഷ്ട്രിയവും ആയ നീതിയും; ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും പദവിയിലും അവസരത്തിലും സമത്വവുംസംപ്രാപ്തമാക്കുവാനും അവർക്കെല്ലാമിടയിൽവ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും സഗൗരവംതീരുമാനിച്ചിരിക്കയാൽനമ്മുടെഭരണഘടനാനിർമാണസഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഇതിനാൽഈഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

*നിറവ്*

***SCHSS RANNY***

## ജാലകം




ആ ജാലകത്തിൻ കവാടങ്ങൾ
തുറന്നിട്ടതാര്
ആർക്കുമാർക്കുമറിയില്ലതിനെക്കുറിച്ച്
എന്നു ഞാൻ മനസ്സിലാക്കി

ആ ജാലകത്തിനുള്ളി
ലൂടെ മന്ദമാരുതനിലൂടെ
ആർത്തലച്ചു വന്ന കരിയിലകൾ
എന്റെ മനസ്സിനെ പ്രക്ഷു
ബ്ധമാക്കി

ജാലകത്തിൻ വിജാഗിരിപ്പടി
കൾ ആർത്തട്ടഹതിക്കുന്നതു
ഞാൻ കേട്ടു
ആ നിമിഷം ഞാനെന്റെയാ
ബാല്യകാല സ്മരണകളിലേക്കങ്ങു
ഞാൻ പോയി

നല്ലൊരു രീതിയിൽ ചിന്തിച്ചാ
ലപ്പോൾ നമുക്കും കിട്ടുമാ
പഴയ ബാല്യകാലം

നിരഞ്ജൻ പ്രഹ്ളാദ്
8 സി

# ENGLISH FUN



MOTHER SAID – I-PAD
SON SAID – I-PHONE
DAUGHTER SAID – I-POD
FATHER SAID – I-PAID


NIRANJAN PRAHLAD
8 C

**കടൽത്തീരം**

മലയുടെ മറവിൽ ഉണരുന്ന സൂര്യൻ
കടലിന്റെ അഴകായ് വാഴുന്നു ,
സൂര്യന്റെ ജ്വാലത്തിൽ സമുദ്രം
തിളങ്ങുന്നു
ഒഴുകുന്ന സാഗരം തിരമാലയായ്,
ഓരത്തെ തഴുകി ഉറക്കുന്നു
കോപത്താൽ ഓളങ്ങൾ
ആഞ്ഞടിക്കുമ്പോൾ
കടലമ്മ എഴുതിയത് മായ്ച്ചിടുന്നു
കുട്ടികൾക്കിഷ്ടമായ് കടലോരങ്ങൾ
ഒത്തിരി ഒത്തിരി ഇഷ്ടമായി
ശാന്തമായ് ഒഴുകുന്ന കടലിന്റെ
അഴകിനെ കാണവാനായ് നിത്യം ജനങ്ങൾ തടിച്ചുകൂടും
ഗാന്ധിജി എന്ന മഹത്വ വ്യക്തി
സമുദ്രത്തിൻ ഉപ്പ് സംഭരിച്ചു
മലയുടെ മറവിൽ ഉണരുന്ന സൂര്യൻ
കടലിന്റെ അഴകായ് വാഴ്ന്നു(2)



ശ്രുതി എസ്
8 ബി



# HISTORY OF COMPUTER

The idea of a machine to calculate numbers correctly began in the 1830s Charles Babbage,a British Mathematician designed a machine called Difference engine to produce and store the table or logarithms invented by John Naphier. The machine contained ideas used in modern computers

In 1890 Harmann Hollerith,an American Scientist developed a machine that used punched cards  that helped to calculate the numbers very easily.In 1896,Hollerith set up a company that letter became the International business machines IBM Company.

The thermionic value discovered in1904,was found to be useful as a counting device by Wynn Williams in 1931.The Harvard mark 1 computer designed by Howard Aiken is the worlds first digital computer it was developed jointly by the International business machines IBM and the Harvard university in 1944

The era “mainframe” computers began in 1968,and they were largely usedin business fields.In 1976,cray-1,the father or super computing in 1981,IBM produced the IBM pc,with software by Bill gates,an american engineer.Quantum computer,one or the most modern computers,was built In 1988 by a term or researches at IBM.These computers,work using single atom or even electrons.These are enormously more powerful than ordinary computers

Pooja Prasad
9 C

## കാർമേഘം

ഒരു കാർമേഘത്തിൻ തുള്ളി
അശ്രുകണങ്ങൾ എന്റെ
മേൽ മഴയായി പെയ്തു



അത് പ്രകൃതിയുടെ വരദാനമായി
ആർദ്രമായ് ആർത്തലച്ച വന്നു

പ്രകൃതിയുടെ വരദാനമായിട്ടും
നാമെന്തിനതിനെ വെറു
ത്തിടുന്നു
ഒരു നാൾ നാമാശിച്ചിട്ടും
ആ മഴ മുകിലുകളെ
യൊന്നു കാണാൻ
നൊമ്പരരഹിതമാമാം വിധം
തേങ്ങിടും നാമപ്പോൾ
എന്നെന്നും

തത്രസമുദ്ര മധ്യസ്ഥ മഹാരാജ
ഥാനിയങ്കൽ സൂത്രമാവിനെപ്പോലെ
വാഴുന്നവനെ സ്തുതിക്കണം
എങ്കിൽ സാധ്യതയിണ്ടാ
മഴ മുകിലുകളെ യൊന്നു
കാണാൻ

നിരഞ്ജൻ പ്രഹ്ളാദ്
8 സി

## വില്യം ഷേക്സ്പിയറിന്റെ പ്രധാന കൃതികൾ



1.ഹാംലെറ്റ്
2.ഒഥല്ലൊ
3.മാക്ബത്ത്
4.കിങ് ലിയർ
5.ദിട്ടു ജെന്റിൽമെൻ ഓഫ് വെറോണ
6.ദി ടൈമിങ് ഓഫ് ദി ഷ്രൂ
7.ഹെൻറി നാലാമൻ
8.റോമിയോ ആൻഡ് ജൂലിയറ്റ്
9.ദ മെർച്ചന്റ് ഓഫ് വെനീസ്
10.ജൂലിയസ് സീസർ
11.അന്റണി ആന്റ് ക്ലിയോപാട്ര
12.റിച്ചാർഡ് രണ്ടാമൻ
13.ഹെൻറി എട്ടാമൻ
14.ദ ടെംപസ്റ്റ്
15.കാർ ഡീനിയോ
16.ദ ട്ടൂ നോബിൾ കിൻസ്മെൻ
17.ടൈറ്റസ് ആൻഡ്രോണിക്സ്

നിരഞ്ജൻ പ്രഹ്ളാദ്
8 സി

*നിറവ്*

*SCHSS RANNY*

## പ്രകൃതി സൗന്ദര്യം



സൂര്യനാൽ ഉണരുന്ന പ്രകൃതി
പച്ചപ്പിൽ ഉലയുന്ന പ്രകൃതി
തണലായ് വാഴുന്ന മരങ്ങൾ
മണമായ് ആടുന്ന പൂക്കൾ
കേൾക്കാൻ കൊതി തോന്നും
വിസ്മയമായ് പക്ഷികളുടെ
കലപില ശബ്ദങ്ങൾ
മഴയത്തു പോലും സൗന്ദര്യം
തുളുമ്പുന്ന പ്രകൃതി
പ്രകൃതിയെ മറയ്ക്കാൻ മഞ്ഞ് ഉണരുന്നു
വെയിലായ് , മഞ്ഞായ് , മഴയായ്
പലപല രൂപമായ് പ്രകൃതി
കാറ്റൊന്നു വീശുമ്പോൾ ആടിയുലയുന്ന
മരങ്ങളും , പൂക്കളും , പുല്ലുകളും
സൂര്യനാൽ ഉണരുന്ന പ്രകൃതി
പച്ചപ്പിൻ ഉലയുന്ന പ്രകൃതി (2)

ശ്രുതി എസ്
8

# 10 FAMOUS QUOTES OF A P J ABDUL KALAM

1.‘We should not give up and
we should not allow the
problem to defeat us’
2.‘Teaching is a very noble profession
that shapes the character,calibre and
future of an individual.If the people
remember me as good teacher that will
be the biggest honour for me’
3.‘If you want to shine like a sunday
first burn like a sunday’
4.‘Look at the sky
We are not alone.The whole
universe is friendly to us and conspires
only to give the best to those who
dream and work’
5.‘You have to dream before your
dreams can come true’
6.‘Where there is a righteousness in the
heart,there is a beauty in the character.
When there is a beauty in the character,
there is harmony in the home.
When there is harmony in the home,
there is order in the nation.
When there is order in the nation,
there is peace in the world’
7.‘If four things are followed having a
great aim,acquiring knowledge,hard
work and preservance then anything
can be achieved’.
8.‘Never stop fighting until you achieve
at your destinated place that is the

unique you.Have an aim in life
continouesly acquire knowledge,
work hard,and have preservance to realise the great life'.

9.'Let us sacrifice our today so that
our children can have a better tomorrow'

10.Since is a beautiful gift to humanity;
we should not distort it'

KEBIN CHERIAN

8C


## അമ്മ(ജനനി,മാതാവ്)



പേറ്റു നോവറിഞ്ഞൊരമ്മ
നമ്മളെ ജീവിപ്പിക്കാനായ്
മുലയൂട്ടുന്ന അമ്മ
പ്രകൃതിയാകുന്ന അമ്മ
അറിവുകൾ പകർന്നു നൽകും അമ്മ
സ്നേഹിക്കാനായ് പഠിപ്പിക്കും അമ്മ
സ്നേഹിക്കാൻ മാത്രം അറിയുന്ന അമ്മ
നേർവഴിക്കായ്  നമ്മളെ ശകാരിക്കും
ഇന്നിപ്പോൾ ആ അമ്മ വൃദ്ധസദനത്തിൽ(2)
ദൈവത്തിൻ തുല്യമാണമ്മ(2)

ANJANA .A
8A

**നാട്ടറിവ് ദിനത്തിൽ പുരാവസ്തു പ്രദർശനം**










# സംസ്ഥാന കലാപ്രതിഭകൾ















*നിറവ്*

*SCHSS RANNY*



## ബഷീർ കൃതികൾ

ജീവിതത്തിൽ നിന്നു ചീന്തിയെടുത്ത ഏടുകൾ എന്ന് വിശേഷിപ്പിക്കാവുന്ന കൃതികളാണ് വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികൾ.താനും ബാപ്പയും ഉമ്മയും സഹോദരിമാരും,സഹോദരന്മാരും ബഷീർ കൃതികളിലെ കഥാപാത്ര-ങ്ങളാകുന്നു.തന്റെ ചുറ്റുവട്ടത്ത് ഉള്ളവരും സഹപാഠികളും ചന്തയിൽ വച്ച് കണ്ടുമുട്ടിയവരും വഴിയാത്രയിൽ കണ്ടുമുട്ടിയവരും എല്ലാം ബഷീറിന്റെ കഥാപാത്രങ്ങളാണ്.മനുഷ്യ കഥാപാത്രങ്ങളെപ്പോലെ മനുഷ്യേതര കഥാപാത്രങ്ങളും സജീവ സാന്നിധ്യമാകുന്നത് ബഷീറിന്റെ മാത്രം പ്രത്യേകതയാണ്.ഒരോ കഥാപാത്രങ്ങളെയും സൂക്ഷ്മമായി മനസ്സിലാക്കാനും അവരുടെ ശരീരഭാഷയും സംസാരങ്ങളും അവരുടെ ഗുണങ്ങളും വൈകല്യങ്ങളും എല്ലാം രസകരമായ രീതിയിൽ അവതരിപ്പിക്കാനുള്ള കഴിവ് എടുത്ത് പറയേണ്ടതാണ്.തന്റെ സഹോദരന്റെ ചട്ടുകാലിനെയും സഹോദരി പാത്തുമ്മയുടെ സുത്രപ്പണിയെയും എല്ലാം ബഷീർതന്മയത്തോടെ അവതരിപ്പിക്കുന്നുണ്ട്.പാത്തുമ്മയുടെ ആട് കാണിക്കുന്ന വികൃതികളും ആരുടെയും ഹൃദയത്തെ സ്പർശിക്കുന്നതാണ്

അദ്ദേഹത്തിന്റെ ഒരോ കൃതികളും ഒരോ അനുഭവങ്ങളാണ്.പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളാണ് കൃതിയിൽ അവതരിപ്പിക്കുന്നത്.ദാരിദ്ര്യത്തിന്റെ ഭീകര മുഖം മിക്ക കൃതികളിലും ദൃശ്യമാണ്.ബാപ്പയുടെ മരണത്തോടുകൂടി പട്ടണിയിലേക്ക് മാറുന്ന കുടുംബത്തിന്റെ ദയനീയ ചിത്രം മിക്ക കൃതികളിലും കാണാം.ബാല്യകാലസഖിയിൽ പച്ചവെള്ളം മാത്രം കുടിച്ച് ജീവിതം മുന്നോട്ട് നയിക്കുന്ന നായകൻ ബഷീർ തന്നെയാണ്.പാത്രം കഴുകി ജീവിക്കാൻ ശ്രമിക്കുന്ന ഈ കഥാപാത്രം മുൻപ് ഉന്നതസ്ഥിയിൽ കഴിഞ്ഞ ആളാണ്.ജന്മദിനത്തിൽ ഒരു തുള്ളി വെള്ളം കുടിക്കാനില്ലാതെ വിഷമിക്കുന്ന ബഷീറിനെ കൃതിയിൽ

അവതരിപ്പിക്കുന്നുണ്ട്.ജീവിക്കാൻ വേണ്ടി ഏതു ജോലിയും ചെയ്യാൻ തയ്യാറാകുന്നതും കഥയിൽ ഉണ്ട്.പ്രകൃതി സ്നേഹം ബഷീറിന്റെ കൃതികളുടെ പ്രത്യേകതയാണ്.തനിക്കു താമസിക്കാൻ പ്രത്യേകം വീടുവച്ച് ചുറ്റുപാടുകൾ ചെടികൊണ്ട് നിറയ്ക്കുന്ന ബഷീർ തന്റെ കാഴ്ചപ്പാട് ഇവിടെ പ്രകൃതി സ്നേഹം ബഷീറിന്റെ കൃതികളുടെ പ്രത്യേകതയാണ്.ഭൂമിയുടെ അവകാശികൾ എന്ന കൃതിയിൽ എല്ലാവരും ഭൂമിയുടെ അവകാശികളാണ് എന്ന കാഴ്ചപ്പാടാണ് അവതരിപ്പിക്കുന്നത്.പാത്തുമ്മയുടെ ആടിൽ ആടിനു പുസ്തകം തിന്നാൻ കൊടുക്കുന്ന ബഷീറിനെ കാണാം

ബഷീർ കൃതികളിൽ ഏറ്റവും ആകർഷിക്കപ്പെടുന്നത് അതിലെ ഭാഷയാണ്.മുസ്ലീം സമുദായത്തിന്റെ ഭാഷാരീതി അതുപോലെ ഇതിൽ അവതരിപ്പിക്കുന്നു.അതുപോലെ ഒരു വ്യാകരണനിയമങ്ങളും അനുസരിക്കാതെ നാടൻ പദപ്രയോഗങ്ങൾ ബഷീറിന്റെ മാത്രം സ്വന്തമാണ്.പളുങ്കൂസൻ വ്യാകരണം എന്ന് വിശേഷിപ്പിച്ച് വ്യാകരണ നിയമങ്ങളെ അദ്ദേഹം ചോദ്യം ചെയ്യുന്നു.പോളിയോ വന്ന് തളർന്ന അനുജന്റെ കാലിനെ കുഴകുഴാന്ന് കിടക്കുന്ന കാൽ എന്നാണ് വിശേഷിപ്പിക്കുന്നത്.ചളുക്കോ പളുക്കോ,പടേ പടേ,ചട പട തുടങ്ങിയ പ്രയോഗങ്ങൾ ബഷീറിനു മാത്രമുള്ളവയാണ് .ഒന്നും ഒന്നും ഇമ്മിണി വല്യ ഒന്ന് എന്ന് പറഞ്ഞ ബഷീർ തന്റെ സ്വന്തം ശൈലികൊണ്ട് സാഹിത്യരംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു.

റിയ അന്ന വിനോദ്

8 സി

# മഴ



കുളിരിന്റെ കുളിരായ് മഴനനയാനായിട്ടെന്തു സുഖം...
ഒത്തിരി ഒത്തിരി തണുത്തു വിറയുമി മഴയിൽ കുളിച്ചാൽ..
ആകാശത്തിൻ കോണിൽ നിന്ന്
പെയ്തിറങ്ങുമി മഴ
മഴ നൽകുന്ന ഒത്തിരി ഒത്തിരി സന്തോഷം
പുഴകൾ , കിണറുകൾ ഒത്തിരി ഒത്തിരി മഴവെള്ളം..
മഴയങ്ങനെ പെയ്തു തകർത്തു
സൂര്യനെ പോലും തോൽപിച്ച്
കോടി കോടാനീ ജനങ്ങളെ സന്തോഷിപ്പിച്ചിട്ടങ്ങനെ മഴപോകും
എന്നാലി കാലവർഷം ജനങ്ങളെ കരയിപ്പിക്കാനണെത്തിയത്..
ജനങ്ങളെ കരയിപ്പിക്കാനായി പ്രളയം വരുത്തിയ കലി മഴ..
വീടുകളും , പല സാധനങ്ങളും നശിപ്പിച്ചു ഈ കലിമഴ
ഈ കാലവർഷം ദുരന്തം  വിതയ്ക്കുകയാണീ ചെയ്തത്
മഴ ചില സമയത്തും ദുഷ്ടനാകും
എന്നാലോ മഴ എല്ലാവക്കും സ്നേഹിതൻ(2)
കുളിരിന്റെ കുളിരായ് മഴനനയാനായിട്ടെന്തെ സുഖം
എന്തു സുഖം
എന്തു സുഖം

ശ്രുതി എസ്
8 ബി

# ഒരു മര(ട്)മണ്ടൻ ഫ്ലാറ്റുകഥ

പഴയ ജനലിന്റെ പടികളിലൂടെ കടന്നുവരുന്ന സൂര്യന്റെ വെളിച്ചത്തിന് ഒരോ ദിവസവും ഭംഗി കൂടിക്കൂടി വരുകയാണ്.ഭാര്യയും മക്കളും കിടക്ക വിറ്റ് പോയുകഴിഞ്ഞിരിക്കുന്നു.നേരം വെളുത്ത് കഴിഞ്ഞ് അല്പം കൂടി ഈ കിടപ്പ് കിടക്കുന്നതിന്റെ സുഖം ലോകത്ത് എവിടെ ചെന്നാലാണ് കിട്ടുക.വീണ്ടും ഒരു ബാല്യകാലം കടന്നുവന്നതുപോലെ ശരീരത്തിന് മനസ്സിന് എന്ത് ഉന്മേഷം..ജീവിതത്തിന്റെ ഒരു നല്ല ഭാഗവും ഈ സുഖം കാണാതെയാണല്ലോ താൻ കഴിച്ചുകൂട്ടിയത് എന്നോർത്തപ്പോൾ വല്ലാത്ത ദുഃഖം തോന്നുന്നു.എത്ര ദീർഘ വർഷങ്ങൾ എന്തെല്ലാം പ്രതീക്ഷകൾ ഏതെല്ലാം നാടുകൾ നാടുവിട്ടു പോകണമെന്ന് തന്നേക്കാൾ വാശി പിടിച്ചത് അവളാണല്ലോ.അവളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല.അവൾ ജനിച്ചതും വളർന്നതും നഗരത്തിലാണല്ലോ.രണ്ട് സംസ്കാരത്തിൽ വളർന്ന തങ്ങൾ ഒരിക്കലും ചേരേണ്ടവരായിരുന്നില്ല എന്ന പലപ്പോഴും തോന്നിയിട്ടുണ്ട്.എന്നാൽ അവൾ ഇന്ന് എത്ര മാറി മക്കളും പുതിയ ജീവിതം ആസ്വദിക്കുകയാണ്.അച്ഛനും അമ്മയും അവർക്കും പുതുജീവൻ കൈവന്നതുപോലെ.

ഹൃദയം പണിമുടക്കിയതോടെയാണ് എല്ലാം വിട്ടെറിഞ്ഞ് നാട്ടിലേക്ക് വരാൻ ഒരുക്കം കൂട്ടിയത്.നാട്ടിൽ വന്നപ്പോൾ തന്നെ ഹൃദയത്തിന്റെ പിണക്കം അല്പം കുറഞ്ഞിരുന്നു.ഇപ്പോൾ അത് തീരെ ഇല്ലാതെ ആയിരിക്കുന്നു.മനസ്സിന് ഇണങ്ങിയ ജീവിതം ശരീര താളത്തെയും ക്രമപ്പെടുത്തുമെന്ന് താൻ അനുഭവിച്ച് അറിഞ്ഞിരിക്കുകയാണല്ലോ.ഡോക്ടറുടെ കഠിന നിർദ്ദേശത്തെ തള്ളി താൻ എന്തെല്ലാം കഠിനാദ്ധ്വാനം ചെയ്തു.ഹൃദയം ഇതു വരെയും പിണങ്ങിയില്ല പിന്നെ എല്ലാം മറന്നുള്ള ഉറക്കം.എത്ര പണം കൊടുത്താലും കിട്ടാത്ത മനസമാധാനം.ഫ്ലാറ്റിലെ അലസ ജീവിതത്തെ പൊളിച്ചെഴുതിയ സുപ്രിം കോടതിക്ക് നന്ദി പറയുന്ന എത്ര പേർ ഉണ്ടാവും

ജീവിത്തിൽ എന്നും ചില യാദൃശ്ചികതകൾ തന്റെ കൂടെപ്പിറപ്പാണല്ലോ ഒരു കർഷകന്റെ മകനായി നാട്ടിൻ പുറത്തുള്ള ജീവിതം,സർക്കാർ സ്കൂളിലെ പഠനം,തന്റെ സ്കൂളിലേക്ക് വന്ന അധ്യാപകന്റെ ഇടപെടൽ,ഉന്നത പഠനം,വിദേശത്തെ

*നിറവ്*

ജോലി,അപ്രതീക്ഷിത ഹൃദയാഘാതം ഒടുവിൽ ഫ്ലാറ്റ് വാങ്ങൽ.ജീവിതത്തിലെ സമ്പാദ്യം മുഴുവൻ ഫ്ലാറ്റ് വാങ്ങിയതോടെ എന്തൊക്കെയോ ആയെന്ന തോന്നൽ .അച്ഛനെയും അമ്മയെയും നിർബന്ധിച്ച് തന്റെ കൂടെ താമസിപ്പിച്ചപ്പോൾ സന്തോഷം പൂർണ്ണമായതുപോലെ മക്കൾ നഗരത്തിലെ ഉന്നതമായ സ്കൂളിൽ, ഉയരത്തിലെ ആകാശം തൊട്ടടുത്ത് ...എന്നാൽ ഒരു വർഷംപോലും നിയമം തെറ്റിച്ച് പണിത ആ ഫ്ലാറ്റിൽ താമസിക്കാൻ പറ്റാതെ ഇറങ്ങേണ്ടി വന്നപ്പോൾ ഒന്നും ആലോചിക്കാൻ നേരമില്ലായിരുന്നു.ഗ്രാമത്തിലെ ഇത്തിരി സ്ഥലവും വീടും വില്ക്കാഞ്ഞതു ഭാഗ്യം.ഗ്രാമത്തിനു വേണ്ടാത്തതെല്ലാം കിട്ടിയ വിലയ്ക്ക് വിറ്റ് ഇവിടെ വരുമ്പോൾ ഒരു പുതിയ മനുഷ്യനായി രൂപപ്പെടുകയായിരുന്നു.മക്കളെ സർക്കാർ സ്കൂളിൽ ചേർത്തപ്പോൾ അവർക്ക് പരിഭവം ഒരാഴ്ച കഴിഞ്ഞപ്പോൾ അത് നീങ്ങി.ഭാര്യയും ഈ ജീവിതം ആസ്വദിക്കുന്നെന്ന് തോന്നി.ഫ്ലാറ്റിൽ വന്നതോടെ ദേഷ്യക്കാരായി തീർന്ന അച്ഛനും അമ്മയും ഇപ്പോൾ നല്ല മാതാപിതാക്കളായി ഉൽസാഹത്തോടെ ഓടി നടക്കുന്നു.

ആകുല ചിന്തകളില്ലാതെ രോഗമില്ലാതെ വഴക്കില്ലാതെ കപ്പപുഴക്കിന്റെയും കാന്താരിച്ചമന്തിയുടെയും രുചിക്കൂട്ട് ആസ്വദിച്ച് ശുദ്ധവായു ശ്വസിച്ച് ഇങ്ങനെ ജീവിക്കാൻ കഴിയുക.അതിൽപരം സുഖം എന്തുണ്ട്

"കൊട്ടാരം ചിന്തയാൽ ജാഗരം കൊള്ളുന്നു
കൊച്ചുകുടിൽക്കത്രേ നിദ്രാസുഖം"

പണ്ടെങ്ങോ അധ്യാപകൻ പഠിപ്പിച്ച വള്ളത്തോൾ കവിത മനസ്സിലേക്ക് തള്ളിക്കയറിയപ്പോൾ ഫ്ലാറ്റ് പ്രേമികളോട് എന്തെന്നില്ലാത്ത ഒരു സഹതാപം എന്റെ ഹൃദയത്തിൽ നിറഞ്ഞു.

ലിജി കെ ഏബ്രഹാം
അധ്യാപിക



## പുലരി



പുലരി പൂക്കും നാളിൽ

പുഴകളും ,കാടുകളും ഉണരുന്നു

സൂര്യവെളിച്ചത്തിൽ മഞ്ഞുത്തുള്ളി ഇറ്റു വീഴുന്നു.

ഒരു പ്രപഞ്ചം ആകെ ഉണരുന്നു.

ഒരുവൾ ഉറങ്ങുന്നു,അവൾ ഉണരുന്നു.

പ്രഭാതത്തിൽ മഴപെയ്യുന്നു ,

പുലരിയെത്തുമ്പോൾ മഴ ഉരുകുന്നു

മലയുടെ മറവിൽ നിന്ന് പുലരി അണഞ്ഞെടുക്കുന്നു.

പുലരി പൂക്കും നാളിൽ

പുഴകളും ,കാടുകളും ഉണരുന്നു.

പുലരി  പൂക്കും നാളിൽ

പുഴകളും കാടുകളും ഉണരുന്നു

ശ്രുതി എസ്

8 ബി

## സോളാർ എനർജി

സൂര്യനാണ് ഭൂമിയിലെ ഊർജ ഉറവിടങ്ങൾക്ക് ആധാരം.സൂര്യപ്രകാശം ഊർജത്തിന്റെ അക്ഷയഖനിയാണ്.സൗരോർജം ഭൗമാന്തരിക്ഷത്തിൽ വരുത്തുന്ന ഊർജ രൂപാന്തരത്തിന്റെ ഫലമായാണ് കാറ്റ്,മഴ,ഇടിമിന്നൽ,കൊടുങ്കാറ്റ് തുടങ്ങിയ കാലാവസ്ഥാ പ്രതിഭാസങ്ങൾ ഉണ്ടാകുന്നത് .സൂര്യനിൽ നിന്നും നേരിട്ട് ഉപയോഗിക്കുന്നതാണ് സോളാർ എനർജി

ഊർജമില്ലാതൊരു ജീവിതം സാധ്യമല്ല എന്നറിയാമല്ലോ നാം ചെയ്യുന്ന ഒരോ പ്രവർത്തിക്കും ഊർജം ആവശ്യമാണ്.പത്താം ക്ലാസിലെ ഊർജതന്ത്രത്തിൽ 'ഊർജത്തിന്റെ പരിപാലനം'എന്ന സോളാർ മാറ്റമെന്നാൽ ചലനം പ്രകൃതിയിൽ എല്ലാം ചലിച്ചു കൊണ്ടിരിക്കുന്നു.ഊർജമില്ലാത്ത നാമോ ഈ ലോകമോ ഇല്ല.ഊർജത്തിന്റെ ഇംഗ്ലിഷ് പദമായ എനർജി (ENERGY) ഗ്രിക്കിലെ എനർജി (ENERGEIA) എന്ന വാക്കിൽനിന്ന് വന്നതാണ് .ബി സി നാലാം നൂറ്റാണ്ടിൽ അരിസ്റ്റോട്ടിലിന്റെ കൃതികളിലാണ് പ്രവൃത്തി എന്ന അർത്ഥത്തിൽ ഈ വാക്ക് ആദ്യം ഉപയോഗിച്ചത്.

## <u>ഊർജകേന്ദ്രം</u>

ഭൂമിയുടെ 71 ശതമാനം നിറഞ്ഞുകിടക്കുന്ന കടൽ ഒരിക്കലും വറ്റാത്ത ഊർജസ്രോതസ്സാണ് .പല രൂപത്തിലും സമുദ്രത്തെ ഊർജ ഉത്പാദനത്തിനായി ഉപയോഗിക്കാം.

വേലിയേറ്റം മൂലമുണ്ടാകുന്ന ഊർജം (TIDEL ENERGY)ഉപയോഗിച്ച് ടൈഡൽ ടർബൈനുകൾ കറക്കി വൈദ്യുതി ഉണ്ടാക്കാം.ഇതാണ് ടൈഡൽ വൈദ്യുതി.

സമുദ്രത്തിൽ നിരന്തരം അലയടിക്കുന്ന തിരകൾ ഉപയോഗിച്ചും ഊർജ ഉത്പാദനം നടത്താം.തിരമാലയിലെ തരംഗോർജം (WAVE ENERGY)ഉപയോഗിച്ച് ടർബൈനുകൾ കറക്കി വൈദ്യുതി ഉണ്ടാക്കാം.



അക്ഷ തോമസ്

# ഗുരു



അമ്മയും , അച്ഛനും ,ശേഷമായ്
കാണുന്നതാ തൻ ഗുരുവല്ലേ
ആദ്യാക്ഷരം ചൊല്ലി തരുന്നതും എൻ ഗുരു
തെങ്ങിനെയും , മരങ്ങളെയും , മലകളേയും
പറ്റി പഠിപ്പിക്കുന്ന എൻ ഗുരു
നല്ലതിനായ് ചീത്തപറയുകയും
തല്ലുകയും ചെയ്യുന്നെൻ ഗുരു
ഞങ്ങളുടെ അഭിമാനമാണ് ഗുരു
ഗുരുവില്ലെങ്കിൽ വിദ്യാലയമില്ല.

*നിറവ്*

**SCHSS RANNY**

# ദൈവദൂതന്റെ കരസ്പർശം

വയനാട് ജില്ലയിലെ കവളപ്പാറയിൽ ഒരു മലയുടെ താഴ്വരത്തിൽ ജീവിക്കുന്ന ഒരു കുട്ടുകുടുംബം.വളരെ സന്തോഷത്തോടെ കഴിഞ്ഞുപ്പോകുന്ന ഒരു കുടുംബം .അച്ഛനും അമ്മയും രണ്ട് ആൺമക്കളും അവരുടെ ഭാര്യയും മക്കളും അടങ്ങുന്നതാണ് ഈ കുടുംബം.ആദ്യത്തെ മകൻ നന്നായി പഠിക്കുമെങ്കിലും പ്രകൃതിയെ വളരെയധികം സ്നേഹിച്ചിരുന്നതിനാൽ



കൃഷിയിലേക്ക് തിരിഞ്ഞു .രണ്ടാമത്തെ മകൻ വലിയ ഡോക്ടർ.അവർ അങ്ങനെ അങ്ങനെ പരസ്പരം സഹായിച്ച കടന്നുപോകുമ്പോളാണ് അച്ഛന്റെ അപ്രതീക്ഷിത മരണം അമ്മ കാൻസർ രോഗത്തിന് ഇരയായി കിടപ്പിലായി

ആദ്യ നാളുകളിൽ എല്ലാവരും ആ അമ്മയെ നല്ലപോലെ ശുശ്രൂഷിച്ച പീന്നിട് ഇളയമകനും കുടുംബത്തിനും അമ്മയെ നോക്കാൻ വയ്യാതെയായി.മൂത്ത മകന്റെ കുടുംബം ഒരു കർഷക കുടുംബമാണ്.കർഷകർക്ക് എത്ര അധ്വാനിച്ചാലും ഒന്നും കിട്ടാത്ത കാലമാണിത് .അതിനാൽ ജീവിക്കാൻ വലിയ പ്രയാസമാണ് .എത്ര കൃഷി ചെയ്താലും വലിയൊരു ഭാഗം തുകയും ഗവൺമെന്റിനാണ് ബാക്കി വെറും തുച്ഛമായ പണം കർഷകർക്കും .കൃഷിക്കാർ അധികം ഇല്ലാത്തതിനാൽ തമിഴ്നാട്ടിൽ നിന്നും മറ്റും കൊണ്ട്വരുന്ന വിഷം നിറഞ്ഞ പച്ചക്കറികൾ കഴിച്ച് ഒരുപാട് മനുഷ്യർ ആരോഗ്യം നഷ്ടപ്പെടുത്തുന്നു.അതിനാൽ ആശുപത്രികൾ തഴച്ച വളരുന്നു ആശുപത്രികളിൽ നല്ല തിക്കും തിരക്കും ഇളയ മകന് ധാരാളം ശമ്പളം ലഭിക്കും .അമ്മയെ ശുശ്രൂഷിച്ച് വീട്ടിൽ ഇരുന്നാൽ സുഖിച്ച് ജീവിക്കാൻ കഴിയില്ല.അതിനാൽ മൂത്ത മകന്റെ തലയിൽ ആ ഉദ്യമം ഏല്പിച്ചു.വൃദ്ധസദനത്തിലേക്ക് അമ്മയെ മാറ്റാൻ ആ മകന് മനസ്സില്ല.അവർ ഒരോ ദിവസവും തിരക്കുകൾക്കിടയിലും അമ്മയെ ശുശ്രൂഷിച്ചു.കിട്ടിയ പണം അമ്മയുടെ ചികിത്സയ്ക്കായി ചിലവാക്കി

*നിറവ്*

*SCHSS RANNY*

ഇളയ മകൻ ഒടുവിൽ അവരെ ആ വീട്ടിൽനിന്ന് പുറത്താക്കി.അവർ ആ വീടിന് പകരം വലിയൊരു വീടു പ്രകൃതിയെയും ചേട്ടനെയും തോല്പ്പിച്ചുകൊണ്ട് പണിതു.ആ കർഷക കുടുംബം വളരെ അകലെ ഒരു ഷീറ്റ് വലിച്ചുകെട്ടി മഴപെയ്താൽ തോരുന്ന വീട്ടിലേക്ക് മാറി .രണ്ട് കുട്ടികളുടെ പഠനം അമ്മയുടെ ചികിത്സാചിലവ് ഇവയെല്ലാം ആ പാവപ്പെട്ട മകന് താങ്ങാവുന്നതിലും അധികമായിരുന്നു .ഒടുവിൽ മലയാളികളുടെ പ്രവർത്തനഫലമായി പ്രളയമെത്തി ജാതിയും മതവും പറഞ്ഞവർ ഒരു വിരിയിൽ കിടന്നുറങ്ങി,ഒരു പാത്രത്തിൽ കഴിച്ചു.കവളപ്പാറയിൽ വൻ ദുരന്തം ഉണ്ടായെങ്കിലും ഒരു വീടു മാത്രം നശിച്ചില്ല.പ്രതീക്ഷിക്കാതെയുണ്ടായ ഉരുൾപ്പൊട്ടലിൽ വെള്ളം മലയിൽ നിന്ന് ഒലിച്ച് ഇറങ്ങി രണ്ടായി പിരിഞ്ഞു പിന്നെയും ഒന്നായി .രണ്ടായി പിരിഞ്ഞ ഭാഗത്തായിരുന്നു ആ മൂത്തമകന്റെ വീട്.ഇളയ മകനും കുടുംബത്തിനും വെള്ളപ്പാച്ചിലിന് ഇരയാകേണ്ടി വന്നു .മൂത്ത മകന്റെ കുടുംബത്തിന്റെയും അവസ്ഥ അറിഞ്ഞ ജനങ്ങൾ ആ വീട്പുതുക്കി പണിതു നല്കി പീന്നിട് അവർ സന്തോഷമായി ജീവിച്ചു.പ്രകൃതിയുടെ സ്വഭാവം ഇതാണ് തന്നെ സ്നേഹിക്കുന്നവരെ ഒരിക്കലും ചതിക്കില്ല

റിയ അന്ന വിനോദ്
8 സി

## ഗവേഷണങ്ങൾ

എക്സ്റേക്ക് സമാനമായ രശ്മികൾ യുറേനിയം ലവണങ്ങളിൽ നിന്ന് പുറത്തേക്ക് വമിക്കുന്നുവെന്ന് ഭൗതിക ശാസ്ത്രജ്ഞനായിരുന്ന ഹെൻട്രി ബെക്വറേൽ 1869 -ൽ കണ്ടെത്തിയിരുന്നു.മാഡം ക്യൂറി ഇതിൽ ഗവേഷണം നടത്താൻ തീരുമാനിച്ചു.ഇലക്ട്രോമീറ്റർ ഉപയോഗിച്ച് കിരണങ്ങളുടെ ചാർജ് അളന്നു യുറേനിയത്തിൽനിന്ന് വരുന്ന രശ്മികൾ അതിനു ചുറ്റുമുള്ള വായുവിനെ വൈദ്യുതിചാലകമാക്കാൻ കഴിയുമെന്ന് മേരിയും പിയറിയും ചേർന്ന് കണ്ടെത്തി.യുറേനിയത്തിന്റെ പ്രകൃതിദത്ത അതിരായ പിച്ച് ബ്ലെൻഡ് ആവശ്യത്തിന് ലഭിക്കുക എന്നത് മേരിയെ വലിയ പ്രതിസന്ധിയിലാക്കി.തനത് രൂപത്തിൽ പിച്ച് ബ്ലെൻഡ് ലഭിക്കാൻ വൻതുക വേണമായിരുന്നു

അത് തരണം ചെയ്യാൻ അവർ കണ്ടെത്തിയ പോംവഴി യുറേനിയം വേർതിരിച്ചെടുത്തതിനുശേഷമുള്ള പിച്ച്ബ്ലെൻഡ് ഉപയോഗിക്കുക എന്നതായിരുന്നു.പാരിസിലെ പരീക്ഷണശാലയിൽ വെച്ച് യുറേനിയത്തെക്കാൾ എത്രയോ മടങ്ങ് പ്രസരണശേഷി.അത് വേർപെടുത്തിയതിനുശേഷവും പിച്ച് ബ്ലെൻഡിന് ഉണ്ടെന്ന് ക്യൂറി ദമ്പതിമാർക്ക് മനസ്സിലായി.പിന്നീട് അത് കണ്ടെത്താനായി രാപകൽ ഭേദമന്യേ അവർ പരീക്ഷണങ്ങളിലേർപ്പെട്ടു.ഒടുവിൽ കഠിന പരിശ്രമങ്ങൾക്ക് ഫലമുണ്ടായി.1898-ൽ യുറേനിയത്തെക്കാൾ അക്ടീവതയുള്ള ഒരു മൂലകം വേർതിരിച്ചെടുത്തു.സ്വന്തം ജന്മനാടിനെ അനുസ്മരിച്ചുകൊണ്ട് അതിന് പൊളോണിയം (ആറ്റോമിക്ക് നമ്പർ 84)എന്ന് പേരിട്ടു

അക്സ തോമസ്

# ROSE



Roses, Roses beautiful Roses,
Its colours are red, pink, yellow and white
Rose as like as beauty of nature
Rose spread sweet fragrance,
Morning, noon or even the night.

Justina George
8A

## പ്രകൃതി



കാറ്റിൻ ഈണം പോലാടുന്ന മരങ്ങൾ
പ്രകൃതി ഉണരുന്ന വൃക്ഷതലപ്പിൽ നിന്ന്
പുല്ലുകളിൽ നിറഞ്ഞു നില്ക്കും മഞ്ഞുത്തുള്ളി
തെങ്ങും , മലകളും തിങ്ങി നിറഞ്ഞൊരു പ്രകൃതി
ആകാശത്തിൻ കോണിൽ ഒളിയുന്ന മേഘം
ടവറുകൾ പണിതീടും പ്രകൃതി
കായ്കളും, പൂക്കളും , പഴങ്ങളും നൽകുന്ന,
മാനും ,സിംഹവും ,കരടിയുമൊരുമിച്ച്
കാടുകൾ നിറഞ്ഞീടും പ്രകൃതി
അമ്മതൻ പ്രകൃതിയായ് ജീവിച്ചീടുമിതിൽ
മനുഷ്യരാൽ , മൃഗങ്ങളാൽ സമൃദ്ധമായൊരു പ്രകൃതി
എന്നാൽ ഇന്നോ ... ചപ്പു ചവറാൽ സമൃദ്ധം(2)

ശ്രുതി എസ്
8 ബി

## കരയിലെ ഏറ്റവും തൂക്കം കൂടിയ ചില ജീവികൾ

അഫ്രിക്കൻ ആന – AFRICAN ELEPHANT – 6546 KG

ഇന്ത്യൻ ആന - INDIAN ELEPHANT -5000 KG

വെള്ള കാണ്ടാമൃഗം - WHITE RHINO – 3600 KG

ഹിപ്പൊപൊട്ടാമസ്- HIPPOPOTAMUS – 2300 KG

അമേരിക്കൻ കാട്ടുപോത്ത് - WALRUS – 2300 KG

അമേരിക്കൻ കാട്ടുപോത്ത് - AMERICAN BISON – 1900 KG

യുദ്ധപോത്ത് - WAR BISON – 1500 KG

ജിറാഫ് - GIRAFFE – 1600 KG

കാട്ടുപോത്ത് - INDIAN BISON, GAUR – 1300 KG


പോത്ത് - WATER BUFFALO – 1200 KG

കറുത്ത കാണ്ടാമൃഗം - BLACK RHINO -1400 KG

നിരഞ്ജൻ പ്രഹ്ളാദ്

8 സി

## ഗുരുനാഥൻ



അജ്ഞാതമായൊരു അന്ധ
കാരത്തിൽ നിന്നും വെളിച്ചെത്തി
ലേക്ക് നമ്മേ ആനയിക്കുന്നു

ആ ദീപ നാളങ്ങളേ കെടുത്തുവാനായി
ഒരിക്കലും ആർക്കും കഴിയില്ല

നമ്മുടെ മനസ്സിലെ അജ്ഞത
നീക്കാനായ് മുന്നിട്ടിറങ്ങിയവരാ
ണവർ

ആ ദീപ സ്പന്ദങ്ങൾ ജ്വലിച്ചിടും
മെന്നെന്നും

നിരഞ്ജൻ പ്രഹ്ളാദ്

# യോഗ



യോഗയിലൂടെ രോഗശമനം
വരും നമ്മുക്കെന്നും മാലോകരേ

യോഗചെയ്യൂ ദേഹം ശക്തമാക്കൂ
ദൃഢമാക്കൂ മാലോകരേ

യോഗചെയ്താൽ ബുദ്ധിശക്തി
കൂടിവരും മെയ്യഴക്കമിങ്ങോടി
വരും യോഗചെയ്യൂ ശക്തരാകൂ
മാലോകരേ

പുരാണങ്ങളിൽപോലും യുദ്ധമുറകൾ
ഗ്രഹിപ്പിക്കും മുമ്പേ മെയവ
ഴക്കം വരാനായി യോഗ അഭ്യസിപ്പിക്കും
യോഗചെയ്താൽ ശാന്തതയും
ക്ഷമയുമിങ്ങോടിയെത്തും

യോഗ ചെയ്യൂ ദൃഢരാകൂ
മാലോകരേ (2)

നിരഞ്ജൻ പ്രഹ്ളാദ്
8 സി

## അച്ഛൻ(പിതാവ്)



അമ്മയ്ക്ക ശേഷമായ് ഉച്ചരിക്കുന്നതാ
അച്ഛനെന്ന വാക്യമല്ലേ

നോവുകളകറ്റുമെന്നച്ഛൻ
എന്തെന്ത ചൊന്നാലോ തന്നീടുമച്ഛൻ
കാത്തീടും കരുതലായെന്നേ
ഞാനൊരു കരുതലായ് കാത്തീടേണം
വിശപ്പകറ്റനായോ മുന്നിലും പിന്നിലുമെന്നച്ഛൻ

തെല്ല ദ്രോഹിക്കില്ലെന്നച്ഛനെ ഞാൻ
സ്നേഹിച്ചിടുമെൻ മരണം വരെ
കാവൽ മേഘമായ് കാക്കുന്നൊരച്ഛൻ
വാക്യമില്ലാ..അച്ഛനെ ചൊല്ലാൻ
കഷ്ടപ്പാടറിയിക്കാത്തച്ഛൻ
പാവമാണച്ഛൻ എൻ അച്ഛൻ പാവമാണച്ഛൻ(2)

ശ്രുതി എസ്

8 ബി

## പ്രളയം നമ്മുടെ കർമ്മഫലം

"നമ്മുക്കു നാമേ പണിവതു നാകം
നരകവുമതുപോലെ "

പ്രശസ്തമായ ഈ കവിവാക്യത്തിൽ പറയുന്നത് നമ്മുക്കു നാം തന്നെയാണ് സ്വർഗ്ഗവും നരകവും പണിയുന്നതെന്നാണ് .നമ്മുടെ പ്രവൃത്തികൾക്കനുസരിച്ചാണ് നമ്മുക്കു ഫലം ലഭിക്കുന്നത്.പ്രളയക്കെടുതിയെക്കുറിച്ച്ചിന്തിക്കു മ്പോൾആദ്യംഓർമ്മവരുന്നത്ഈവരികളാണ്.നാ ംവരുത്തിവച്ചതാണിപ്രളയം.നമ്മുടെ കർമ്മഫലമാണ് നാം നേരിട്ട ഈ പ്രളയം .ദൈവത്തിന്റെ സ്വന്തം നാടായ കേരം തിങ്ങും



കേരളനാടിനെ നാം മാലിന്യങ്ങളുടെ സ്വന്തം നാടാക്കി മാറ്റി.നാം പ്രകൃതിയോട് ചെയ്യതിന് ഫലമായി നാം പ്രകൃതി ക്രോധത്തിന് ഇരയാകേണ്ടി വന്നുകുന്നിടിച്ചും പാടങ്ങൾ നികത്തിയും ഭൂമി തരിശിട്ടും ഫ്ളാറ്റുകൾ പണിതും നാം പ്രകൃതിയുടെ മുഖച്ഛായ തന്നെ മാറ്റി .നമ്മുക്കു ജീവിക്കാൻ തന്ന പ്രകൃതിയെ നാം നശിപ്പിച്ചു.ഇതിന്റെ ഫലമാണ് ഈ പ്രളയം.പണ്ട് കാലത്ത് പ്രകൃതിയോട് ഇണങ്ങിച്ചേർന്നായിരുന്നു മനുഷ്യൻ ജീവിച്ചിരുന്നത്.പ്രകൃതി നൽകിയ ഫലങ്ങൾ തിന്നും പ്രകൃതി ഉൽപ്പനങ്ങളിൽ നിന്ന് വസ്ത്രം നെയ്യെടുത്തും മനുഷ്യർ ജീവിച്ചു .എന്നാൽ ഇന്ന് പാസ്റ്റിക്ക് പോലുള്ള അഴുകാത്ത മാലിന്യങ്ങൾ വലിച്ചെറിഞ്ഞ് മണ്ണിന്റെ ഫലഭൂയിഷ്ടി നഷ്ടപ്പെടുത്തിയും ആറുകളും തോടുകളും മലിനമാക്കിയുംപ്രകൃതിയെ നാം നശിപ്പിച്ചുകൊണ്ടിരിക്കുന്നു .ഇതിന്റെ ഫലമായി പ്രകൃതി താണ്ഡവമാടി.നാം വലിച്ചെറിഞ്ഞ മാലിന്യങ്ങൾ നമ്മുടെ വീടിനകത്തും മിറ്റത്തും കൊണ്ടിട്ട് പ്രകൃതി പകരം വീട്ടി.പ്രളയക്കാലത്ത് നാം ഒന്നിച്ച് നിന്നപ്പോലെ ജാതിയും മതവുംനോക്കാതെ എല്ലാറ്റിനും ഉപരി മനുഷ്യൻ എന്ന ബോധത്തോടെ പരസ്പരം സഹായിച്ചും മറ്റും ജീവിക്കാം.ഇനി വരുന്നൊരു തലമുറയ്ക്ക് കൂടി ജീവിക്കേണ്ടതാണി ഭൂമി എന്ന് നാം ഓർക്കണം.എത്ര പണം കൊടുത്താലും കുടിവെള്ളം പോലും കിട്ടാൻ കഴിയാത്ത ഒരു കാലത്തിലേക്ക് നാം പോയ്

*നിറവ്*

***SCHSS RANNY***

കൊണ്ടിരിക്കുകയാണ്.മരങ്ങൾ വെട്ടി നാം പച്ചപ്പ് നിറഞ്ഞ ഭൂമിയെ മരുഭൂമിയാക്കികൊണ്ടിരിക്കുകയാണ് .പ്രകൃതി അമ്മയാണ്.പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.പ്രകൃതിക്ക് ദോഷമായതൊന്നും ചെയ്യില്ലെന്ന് നമ്മുക്ക് പ്രതിജ്ഞയെടുക്കാം.അതിനായി നമ്മുക്ക് പരിശ്രമിക്കാം

റിയ അന്ന വിനോദ്
8 സി

## ആനിയും കുമാരനും

ഒരിടത്തൊരിടത്ത് സുജനൻ എന്നൊരു മഹാരാജാവുണ്ടായിരുന്നു.അദ്ദേഹത്തിന് ഒരു മകൻ ഉണ്ടായിരുന്നു.മഹാരാജാവ് കുമാരന്റെ വിവാഹക്കാര്യത്തെക്കുറിച്ച് പറഞ്ഞു."മഹാറായി കുമാരന് കല്യാണപ്രായമായി നല്ലൊരു രാജകുമാരിയെ കണ്ടുപിടിക്കണം"പക്ഷെ അയൽരാജ്യങ്ങളിലെ രാജകുമാരിമാരെയൊന്നും മഹാരാജാവിനും മഹാറാണിക്കും ഇഷ്ടമായില്ല.ഒരോ രാജകുമാരിമാരിലും അവർ കുറവുകൾ കണ്ടു പിടിച്ചുകൊണ്ടേയിരുന്നു.ഇതെല്ലാം കണ്ടുകൊണ്ടിരുന്ന കുമാരൻ വിഷമമോടെ ചിന്തിച്ചു 'എന്റെ വിവാഹം നടപ്പില്ല'.കുമാരൻ വിഷമമോടെ തന്റെ അമ്മായിയായ വസന്തമല്ലിയുടെ അടുത്തെത്തി കാര്യങ്ങൾ എല്ലാം പറഞ്ഞു.വസന്തമല്ലി കുമാരനെ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു"വിഷമിക്കേണ്ട ഞാൻ നിനക്കുപറ്റിയ ഒരു സുന്ദരിയെ കണ്ടുപിടിച്ച് കൊണ്ടുത്തരാം".ഇത് കേട്ടപ്പോൾ കുമാരൻ സമാധാനത്തോടെ കൊട്ടാരത്തിലേക്ക് മടങ്ങിപ്പോയി.വസന്തമല്ലി കുമാരന് വധുവിനെ തേടി പിറ്റേന്ന് യാത്ര തുടങ്ങി .വസന്തമല്ലി ഒരോ സ്ഥലത്തും തേടിത്തേടി തളർന്നു.അങ്ങനെ വന്നപ്പോൾ വസന്തമല്ലി അടുത്ത് ഒരു ചെറിയ കുടില് കണ്ടു വസന്തമല്ലി ചിന്തിച്ചു 'അവിടെ അല്പം വിശ്രമിക്കാം'.ആ ചെറിയ കുടിലിൽ താമസിച്ചിരുന്നത് ഒരു വൃദ്ധനും മകൾ ആനിയും ആണ്.ആ അച്ഛനും മകളും വെറും പാവങ്ങൾ ആണ്.വസന്തമല്ലി ആ വൃദ്ധനോട് ചോദിച്ചു."ഞാൻ ഇവിടെ അല്പസമയം വിശ്രമിച്ചോട്ടെ"ഒരു മടിയും കൂടാതെതന്നെ ആ പാവം വൃദ്ധൻ സമ്മതം മൂളി.വസന്തമല്ലി ആ കുടിലിൽ രണ്ടു ദിവസം താമസിച്ചു.ആനിയെന്ന പെൺകുട്ടി വളരെ നല്ലവളാണെന്ന് വസന്തമല്ലിക്ക് മനസ്സിലായി.ആനിയെന്ന പെൺകുട്ടിയെ കാണാനും വളരെയധികം സുന്ദരിയായിരുന്നു.വസന്തമല്ലി ആനിയുടെ അച്ഛനോട് കുമാരന് ആനിയെ വിവാഹം കഴിച്ചു കൊടുക്കുന്ന കാര്യത്തെപ്പറ്റി സംസാരിച്ചു.ആനിയുടെ അച്ഛൻ വളരെയധികം സന്തോഷത്തോടെ പറഞ്ഞു.'എന്റെ മകൾ ആനിക്ക് മഹാഭാഗ്യം വന്ന് ചേർന്നിരിക്കുന്നു.അങ്ങനെ അവർ മൂന്നുപേരും കൊട്ടാരത്തിലേക്ക് യാത്രതുടങ്ങി.കുറെയധികം ദൂരം സഞ്ചരിച്ചപ്പോൾ അവർ കൊട്ടാരത്തിൽ വന്നു ചേർന്നു.കുമാരൻ ആനിയെ ജനാലകൾക്കിടയിലൂടെ കണ്ടു.കണ്ടപ്പോൾ തന്നെ കുമാരന്

ആനിയെ വളരെ ഇഷ്ടമായി.കുമാരൻ മനസ്സിൽ ചിന്തിച്ചു.'എന്തായാലും ഇവളെ അച്ഛനും അമ്മക്കും ഇഷ്ടമാകാതിരിക്കില്ല'.ആനിയും,അച്ഛനും,വസന്തമല്ലിയും കൊട്ടാരത്തിനുള്ളിലേക്ക് കയറി എല്ലാവർക്കും ഒറ്റനോട്ടത്തിൽ തന്നെ ആനിയെ വളരെയധികം ഇഷ്ടമായി.മഹാറാണി ആനിയുടെ കൈകളിലേക്ക് പിടിച്ചതും പെട്ടന്ന് കൈയെടുത്ത് മാറ്റി.എല്ലാവരും അത്ഭുതത്തോടെ കാര്യം ചോദിച്ചു..അപ്പോൾ മഹാറാണി പറഞ്ഞു."പരുപരുത്ത കൈകൾ .ഇവളെ നമ്മുക്ക് വേണ്ട"ഇതു കേട്ടപ്പോൾ ആനിക്ക് വളരെയധികം വിഷമമായി.പക്ഷെ വസന്തമല്ലിക്ക് ഇതു കേട്ടപ്പോൾ ദേഷ്യമാണ് വന്നത്.അവൾ ദേഷ്യത്തോടെ പറഞ്ഞു."മറ്റുള്ളവർക്ക് വേണ്ടി കഷ്ടപ്പെടുന്നത് കൊണ്ടാണ് അവളുടെ കൈ പരുക്കനായത്.മടിച്ചികളുടെ കൈകളെക്കാളും ഈ കൈകൾ തന്നെയാണ് നല്ലത്.ഇതു കേട്ടപ്പോൾ രാജാവിനും റാണിക്കും കുറ്റബോധം തോന്നി.അവർ റാണിയോട് ക്ഷമ ചോദിച്ചു.ആനിക്ക് വളരെയധികം സന്തോഷം തോന്നി.അങ്ങനെ കുമാരന്റെയും ആനിയുടെയും വിവാഹം ആർഭാടപൂർവവും സന്തോഷവുമായി നടന്നു.അവർ പീന്നിട് വളരെയധികം സന്തോഷകരമായി ജീവിക്കുകയും ചെയ്തു

ജോസിനാ അന്ന ബിനോയ്

9 എ

## നന്ദി

കടപ്പാടുകളുടെ ആകെത്തുകയാണ് ജീവിതം.വീടിനോട് നാടിനോട് സ്കൂളിന്റെ ഗുരു ശ്രേഷ്ഠരോട് കൂട്ടുകാരോട് തീരില്ല കടപ്പാടുകൾ എല്ലാറ്റിനും നന്ദി




*നിറവ്*

***SCHSS RANNY***

“വാളിനെ വണങ്ങായ്ക

വാക്കതിൻ മീതെയല്ലോ

വാക്കിനെ സ്നേഹിക്കുക"

ഒ എൻ വി കുറുപ്പ്




*നിറവ്*

***SCHSS RANNY***